"ഉദ്ധരേദാത്മനാത്മാനം"

Reg. No. T. 26. License; No. 363. Dated 14-8-1937.

# നവജീവൻ

വരിസംഖ്യ } അഞ്ചലിൽ 3 രൂ. 6ണ. തപാലിൽ 4 രൂ. 8 ണ.

പ്രതിപക്ഷപത്രിക

പരസ്യങ്ങൾക്ക് മിതമായനിരക്ക്

ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്.

Vol. 25 | ശിവഗിരി, വക്കല. Trav, 15th Nov: 1944. ൧൧൨൦ തുലാം ൩൦-ാംനു ബുധൻ. | No. 4

## ആട്ടത്തിരുനാൾ മംഗളാശംസ.

ധർമ്മമാണു കുലദൈവമെന്നു നിജ കർമ്മശക്തിയതിനാൽ സദാ
ധർമ്മരാജ്യമൊരുനാകമാക്കിയതിലിന്നു നിർഷ്യയുളവാക്കിയും
ധർമ്മഭ്രമണ, കീർത്തിയാം പുതുനിലാവു തൂകി വിജയിച്ചിടാൻ
ധർമ്മപാലകനനന്തശായി കൃപതൂകിടട്ടെ! തിരുമൌലിയിൽ.

വെള്ളിമന നാരായണൻപോററി

'ബർമ്മാ'പോയതറിഞ്ഞിടാത്തവിധമിധർമ്മാവനിക്കേററവും
ശർമ്മം നൽകിടുമാറു നെല്ലുമരിയും മററുള്ള ധാന്യങ്ങളും
നിർമ്മായം മലപോലെക്കൂട്ടിയൊരുപോൽ നമ്മൾക്കു 'റേഷൻ' തരും
സമ്മാന്യൻ തിരുമേനി ചിത്തിരനൃപൻ നിത്യംജയിക്കേണമേ!

ജെ. ജാൺ കട്ടക്കയം.

ജ്ഞാനപ്പൊൻകതിർവീശി നിളെവിലസും ശ്രീമൽക്കലാശാല, ഹൃ-
ദ്യാനന്ദപ്രദമായ് പ്രശസ്തികലരും ക്ഷേത്രപ്രവേശോത്സവം
ഹാ! നമ്മൾക്കിവനൽകി വീണ്ടുമിവിടം ഭൂസ്വർഗ്ഗമാക്കാൻ ശ്രമി-
ച്ചു നംവിട്ടുയരുന്ന ചിത്തിരമഹാരാജൻ ജയിച്ചീടണം.

കല്ലട എ. നാരായണപിള്ള

കാലം ചാരലംപകർന്നു; പ്രകൃതിഗതികളെക്കെട്ടിനിർത്തുന്നജാതി-
ക്കൂലം മാലെന്നി ധർമ്മപ്രഭതയുടെ കളിത്തേരത്തടത്തിൽ തകർന്നു;
നാലംഗാംചേർന്നസേനയ്ക്കുപരി വിജയമത്തുലികയ്ക്കൊന്ന പൊല്ലിൻ
മൂലം ദിവ്യാത്മമാർന്നു; ജയതു നവയുഗപ്രത്യാവൻ 'ചിത്ര'ഭൂപൻ

കാപ്പിൽ കേശവൻ ബി. എ. ബി. എൽ.

നാട്ടാർനൽകിനരാജഭക്തി, ഭഗവാൻ ശ്രീപത്മനാഭൻ കൊടു-
ത്തിട്ടും ദിവ്യവരൌഘ, മമ്മയരുളും സൽക്കർമ്മനിർദ്ദേശവും
സർ സി. പി. സചിവോത്തമൻ മനമറിഞ്ഞേകും സമർത്ഥാ കരാ-
ലമ്പം, തൊട്ടു ഗുണങ്ങളോടിനിയുമെൻ പൊൻതമ്പുരാൻ വാഴണം.

സി. കെ മുസ്തഫ് ബി. എസ്. സി (ഓണേഴ്സ്)

ധർമ്മഗാനമുരളീമനോജ്ഞ വരഗായകൻ, ഭുവനപൂജിതൻ
ശർമ്മദൻ നവപരിഷ്കൃതി പ്രഭചൊരിഞ്ഞിടും തരുണഭാസ്കരൻ
കർമ്മഭ്രമണ, നാസ്തിചിത്തിരവിശുദ്ധതാരജ, നനാമയൻ,
നിർമ്മലൻ വിലസിടട്ടെ! പൊന്നുതിരുമേനിയെന്നമിതുപോൽ ഭുവി.

ലേഡീവിദ്വാൻ മുളുകളം പാർവ്വതിഅമ്മ.

നേരിൻകാന്തിയെമാച്ചിടുന്ന കടിലാംചാരങ്ങളെ ക്ഷാത്രസം-
ഭീര്യംകൊണ്ടു തകർത്തിടുന്ന വിജയശ്രീലാളിതൻ മാനിതൻ
ശ്രീചിത്രർക്ഷജ ഭൂമിപാലനിനിയും നൂറാണ്ടു വാണിടുവാൻ
ശ്രീനാരായണനേകിടട്ടെ കരുണാപൂർവ്വം വരം മംഗളം.

'നവജീവൻ'

# ശ്രീ നാരായണഗുരുസ്വാമികൾ.*

(ശ്രീ ആഗമാനന്ദസ്വാമികൾ)

ശ്രീ നാരായണഗുരുസ്വാമികളെ ഞാൻ നാലുപ്രാവശ്യം കണ്ടിട്ടുണ്ട്. കേരളീയ സന്യാസിമാരിൽ പിന്നെയും പിന്നെയും കാണാൻ ഞാൻ ആഗ്രഹിച്ചിട്ടുള്ള ഒരു സന്യാസി അദ്ദേഹം മാത്രമാണ്. എന്റെ സഹോദരന്മാരായ ശ്രീ രാമകൃഷ്ണസംഘത്തിലെ സന്യാസിമാരുടെ കാര്യം വേറെയാണ്. ആ അർത്ഥത്തിലല്ല ഞാൻ ഗുരുസ്വാമികളെപ്പററി പറയുന്നത്. സ്വാമികളെ പിന്നെയും പിന്നെയും കാണണമെന്നാഗ്രഹിച്ചിട്ടുണ്ടെന്നു ഞാൻ പറയുന്നത് അദ്ദേഹത്തിൽനിന്ന്, സാധാരണക്കാരിൽനിന്നു അറിയാൻ കഴിയാത്തവണ്ണം ആദ്ധ്യാത്മികമായി പലതും ഗ്രഹിക്കാൻ എനിക്കുണ്ടെന്നു തോന്നിയിട്ടുള്ളതുകൊണ്ടാണ്. അദ്ദേഹം എത്ര കണ്ടാലും മതിയാകാത്ത ഒരാളായിരുന്നു. ഏതുനിലയിലിരിക്കുന്നവനും അദ്ദേഹത്തിൽനിന്നു പലതും പഠിക്കാനുണ്ടായിരുന്നു.

സ്വാമികളുടെ സന്ദേശത്തെ നിർമ്മതത്വവുമായി ചിലർ വ്യാഖ്യാനിച്ചു കാണുന്നതിൽ ഞാൻ വ്യസനിക്കുന്നു. ഇതിനു പ്രമാണമായി അവർ ഉദ്ധരിച്ചു കാണുന്നത് "മതമേതായാലും മനുഷ്യൻ നന്നാകണം" "ഏല മതസാരവുമേകം" എന്നു സ്വാമികൾ പറഞ്ഞിട്ടുള്ള വാക്യങ്ങളാണ്. ഇതിനു നിർമ്മതപ്രസ്ഥാനക്കാർ പറയുന്ന അർത്ഥമില്ലെന്നു ആലോചിക്കുന്നവർക്കെല്ലാം അറിയാം. ഒരു അടുക്കളയിൽ "കാപ്പിവേണം" "ചായ വേണം" "കൊക്കോ വേണം" എന്നു അവിടെ ആഹാരത്തിനു ചെല്ലുന്നവർ ലഹളകൂട്ടുന്നുവെന്നു വിചാരിക്കുക. അത്രയുമല്ല, "കാപ്പിയാണു നല്ലത്" "ചായയാണു നല്ലത്" "കൊക്കോവാണു നല്ലത്" എന്ന വാദവും ആ മൂന്നു അടിപിടിയും നടക്കുന്നുവെന്നും വിചാരിക്കുക. അപ്പോൾ ശാന്തിപ്രിയനായ ഒരാൾ "പാനീയമേതായാലും ദാഹവും വിശപ്പുമടങ്ങിയാൽമതി" എന്നു പറയുന്നുവെന്നിരിക്കട്ടെ. അതിന് "ഒരു പാനീയവും വേണ്ട" എന്നർത്ഥമുണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ. "മനുഷ്യൻ നന്നാകാൻ മതം ആവശ്യമില്ല" എന്നു അദ്ദേഹം എവിടെയെങ്കിലും പറഞ്ഞിട്ടുണ്ടായിരുന്നെങ്കിൽ അദ്ദേഹം നിർമ്മതപ്രസ്ഥാന സഹായിയായിരുന്നെന്നു വ്യാഖ്യാനിക്കാമായിരുന്നു. അങ്ങിനെ നാം കാണുന്നില്ല. നേരെ മറിച്ചു മതം വേണമെന്നു അദ്ദേഹത്തിനഭിപ്രായമുണ്ടായിരുന്നെന്നുള്ളതിനു ഞാൻ തെളിവു തരാം. ഞാൻ പറഞ്ഞതുപോലെ ഭക്ഷണസാധനങ്ങളിൽ ഓരോന്നിന്റെ പേരുപറഞ്ഞു താന്താങ്ങൾ ശീലിച്ചിട്ടുള്ളതാണു നല്ലതെന്നു മക്കടമുഷ്ടി പിടിച്ചും, അതുതന്നെ എല്ലാവരും സ്വീകരിക്കണമെന്നു മററുള്ളവരെ ഉപദ്രവിച്ചും നിർബന്ധിച്ചും ലോകം കലഹിക്കുന്നതു കണ്ടിട്ടു ഒരു ശാന്തിപ്രിയൻ "ഏതു ഭക്ഷണസാധനമായാലും മനുഷ്യന്റെ ദേഹം നന്നായാൽ മതി" എന്നു പറയാറുള്ളതുപോലെയുള്ള അർത്ഥത്തിൽ മാത്രമാണ് അദ്ദേഹം "മതമേതായാലും മനുഷ്യൻ നന്നാവണം" എന്നു പറഞ്ഞിട്ടുള്ളതെന്നു അപ്പോൾതെളിയും.

"മനുഷ്യൻ നന്നാകണം" എന്നതിനു അദ്ദേഹം കണ്ടിരുന്ന അർത്ഥമെന്ത്? പ്രസംഗവും പ്രവൃത്തിയും ഒന്നാക്കി വച്ചിരുന്ന യാളായിരുന്നു അദ്ദേഹമെന്നു ഞാൻ പറയുമ്പോൾ നിങ്ങളെല്ലാം സമ്മതിക്കുമെന്നു തീർച്ചയാണ്. അദ്ദേഹത്തിന്റെ ജീവിതം എങ്ങിനെയുള്ളതായിരുന്നു? തിന്നും കുടിച്ചും ദേഹം തടിപ്പിച്ചു നടന്നയാളല്ല അദ്ദേഹം. ധാരാളം വ്യവസായശാലകൾ ഏർപ്പെടുത്തി അതിലെ ധനംകൊണ്ടു വളരെ വസ്തുവകകൾ സമ്പാദിക്കുന്നതിനെപ്പററി എപ്പോഴും ആലോചിച്ചുകൊണ്ടിരുന്നയാളല്ല ...ഹം. ഇതിലെല്ലാം ഏർപ്പെട്ടിരുന്നവരുമായി ആദ്ദേഹം കൂട്ടിമുട്ടിയിട്ടുണ്ട്. അവരെയെല്ലാം പ്രോൽസാഹിപ്പിച്ചിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ സങ്കല്പത്തിൽ അതിനെക്കാളെല്ലാം വലുതായൊന്നുണ്ടെന്നു മനസ്സിലാക്കിയിരുന്നുവെന്നുള്ളതിനു അദ്ദേഹം നയിച്ച ജീവിതം തെളിവാണ്. അദ്ദേഹം ആരായിരുന്നു? ഒന്നാമതു് ഒരു സന്യാസിയായിരുന്നു. ഒരു ത്യാഗിയായിരുന്നു. ബാല്യത്തിൽ തന്നെ അദ്ദേഹം കഠിനതപസ്സിലേർപ്പെട്ടു. അദ്ദേഹം മനസ്സിനെ സാമ്യാവസ്ഥയിൽ കൊണ്ടുവന്നു. അതിനുശേഷം അദ്ദേഹം ലോകസംഗ്രഹത്തിനായി വേലചെയ്തു. ശരീരമുള്ളതുവരെ മനുഷ്യനു വേലചെയ്യാതെയിരിക്കാൻ സാധ്യമല്ല. അതുകൊണ്ടു അദ്ദേഹം ശരീരവും, വാക്കും, ബുദ്ധിയും ലോകകല്യാണത്തിനായുപയോഗിച്ചു. ഇതിൽനിന്നു അദ്ദേഹം കാണിച്ച വഴി സ്പഷ്ടമാണ്. ത്യാഗംവഴി മനസ്സിനെ സാമ്യാവസ്ഥയിൽ കൊണ്ടുവരുന്നതാണ് മനുഷ്യന്റെ പ്രഥമ കർത്തവ്യമെന്ന് അദ്ദേഹം ലോകത്തെ പഠിപ്പിച്ചിരുന്നു. ശ്രീ ബുദ്ധൻ, ശ്രീ ശങ്കരൻ മുതലായവർ കാണിച്ച അതേ ത്യാഗമാർഗ്ഗം തന്നെയാണ് അദ്ദേഹം കയ്ക്കൊണ്ടതു്. അത്രമാത്രമല്ല അദ്ദേഹം എഴുതിയ ദർശനമാലയിൽ മനുഷ്യന്റെ പരമലക്ഷ്യം ബ്രഹ്മജ്ഞാനമാണെന്നു അദ്ദേഹം വെളിവാക്കുന്നു. അദ്ദേഹം നാലുതരം ബ്രഹ്മവിത്തുക്കളേയും ചൂണ്ടിക്കാണിക്കുന്നു.

ദഗ്ദ്ധ്വാജ്ഞാനാഗ്നിനാസർവ്വ-
മദ്ദിശ്യജഗതാം ഹിതം;
കരോതി വിധിവൽകർമ്മ-
ബ്രഹ്മവിദ്ബ്രഹ്മണിസ്ഥിതഃ

സംന്യസ്യ സർവ്വകർമ്മാണി
സതതം ബ്രഹ്മനിഷ്ഠയാ
യശ്ചരത്യവനൗ ദേഹ-
യാത്രായൈ ബ്രഹ്മവിദ്വരഃ

അനന്യനവേദിതോവേത്തി
നവേത്തി സ്വയമേവയ:
സവരീയാൻ സദാബ്രഹ്മ
നിർവ്വാണമയമശ്നുതേ.

സ്വയം നവേത്തി കിഞ്ചന-
വേദിതാ...

# ജീവാത്മാപരമാത്മാക്കൾ

ഡാ. എൽ. എ. രവിവർമ്മ

"ഛായാതപൗ ബ്രഹ്മവിദോ വദന്തി"(കഠകം)

ഛായയും വെളിച്ചവുംപോലെ. ഛായക്കു സത്തയേയില്ല. വെളിച്ചമല്ല ഛായ. വെളിച്ചം, ജഡമായ മറ്റേതെങ്കിലും കൊണ്ടു മറക്കപ്പെട്ടമ്പോൾ, ആ മറ്റേതെങ്കിലുമിന്റെ രൂപത്തിൽ വെളിച്ചത്തിന്റെ അഭാവം മാത്രമാണു ഛായ. അഥവാ ഛായക്കു - "ജീവാത്മാവിനു" —യഥാർത്ഥ സത്തയില്ല. ശരീരപരമായി — ശരീരാദികൊണ്ടു — അജ്ഞാനംകൊണ്ട് - പരമാത്മാവിന്റെ ഭാനത്തിനു പ്രകാശിക്കാനിടവരാതെ മറയ്ക്കപ്പെട്ട അജ്ഞാനത്തിന്റെ രൂപത്തിൽ കാണാനിടവരുന്നതു മാത്രമാണു ജീവാത്മാവ്. അജ്ഞാനമെപ്പോഴില്ലാതാകുന്നുവോ, അപ്പോൾ പരമാത്മാവു മറയ്ക്കപ്പെടാനവകാശമില്ലാതെ സ്വയം ഭാനം ചെയ്തുകൊള്ളും. ഇതാണു മന്ത്രത്തിന്റെ സാരം. ഈ തത്വത്തെ ഓർമ്മിച്ചുകൊണ്ടാണു ശ്രീ ശങ്കരാചാര്യപൂജ്യപാദങ്ങൾ:—

എന്ന് അദ്ദേഹം മനുഷ്യജീവിതത്തിന്റെ പരമലക്ഷ്യത്തെ വിശദമാക്കുന്നു. ബ്രഹ്മജ്ഞാനമെന്നൊന്നില്ലെന്നോ ബ്രഹ്മജ്ഞാനം അനാവശ്യമാണെന്നോ ലോകവ്യവഹാരത്തിൽ ഭാര്യാപുത്രാദികളിൽ മമത്വം വച്ചുകൊണ്ടു അവരിൽ സക്തനായി ജീവിക്കുന്നവനാണ് ആദർശപുരുഷനെന്നോ അദ്ദേഹം എവിടെയെങ്കിലും പറഞ്ഞിട്ടുണ്ടോ? അങ്ങിനെ പറഞ്ഞാൽ അദ്ദേഹം ആദർശത്തിൽനിന്നു പതിതനെന്നർത്ഥമല്ലെ?

ബ്രഹ്മജ്ഞാനിക്കു മാത്രമേ വാസ്തവമായ സമത്വം ഉണ്ടായിരിക്കൂ. മററുള്ളവരെല്ലാം സമത്വം അതിന്റെ പൂർണ്ണാർത്ഥത്തിൽ അനുഷ്ഠിക്കുന്നവരല്ല. ഇന്നു അനേകംപേർ സമത്വം പ്രസംഗിക്കുന്നു. അമ്മയേയും സഹോദരിയേയും സമത്വബുദ്ധിയോടുകൂടി കാണാൻ ഇവക്കു കഴിയുമോ? ശത്രുവിനേയും മിത്രത്തേയും, സ്വഗൃഹത്തേയും പരഗൃഹത്തേയുംസമത്വത്തോടുകൂടി ഇവർ കാണുന്നുണ്ടോ? വാസ്തവത്തിലുള്ള സമത്വം ഉണ്ടായിരുന്നവരുണ്ട്. ബുദ്ധനും, ക്രിസ്തുവും, പ്രഹ്ളാദനും, ശ്രീരാമകൃഷ്ണദേവനും, ശ്രീനാരായണഗുരുവും സമത്വബുദ്ധികളായിരുന്നു. അവരുടെ ജീവിതത്തിലും സമത്വബുദ്ധിക്കു വല്ല പരിമിതിയും കാണുന്നുണ്ടെങ്കിൽ ആ പരിമിതി അവർ ലോകസംഗ്രഹത്തിനു വേണ്ടി വച്ചുകൊണ്ടിരുന്നതാണെന്നു നമുക്കു അവരുടെ ജീവിതം ശ്രദ്ധിച്ചു പഠിച്ചാൽ കാണാം. അവരെല്ലാവരും മതമുള്ളവരായിരുന്നു. മതത്തിന്റെ പ്രായോഗികവശങ്ങൾ അനുഷ്ഠാനത്തിൽ കൊണ്ടുവന്നവരും ആയിരുന്നു.

അതിനാൽ ശ്രീനാരായണഗുരുസ്വാമികളുടെ ഉപദേശത്തിനു മതം വേണ്ടെന്നർത്ഥമില്ല എന്നു മാത്രമല്ല "മനുഷ്യൻനന്നാകണം" എന്നതിനു "നന്നായ മനുഷ്യൻ" ആയി ജീവിച്ച അദ്ദേഹം "മനുഷ്യൻ ബ്രഹ്മനിഷ്ഠനായിത്തീരുക" എന്നർത്ഥമാണ് മുഖ്യമായി ഉദ്ദേശിച്ചതെന്നും മററുള്ള നന്നാകലെല്ലാം അതിനുള്ള വഴിയായി മാത്രമേ അദ്ദേഹം കരുതിയിരുന്നുള്ളുയെന്നും അദ്ദേഹത്തിന്റെ ജീവിതംകൊണ്ടും ഉപദേശംകൊണ്ടും നമുക്കു കാണാൻ കഴിയും.

ഇനി മറെറാന്ന്, "പല മതസാരവുമേക"മെന്നുള്ളതാണ്. ക്രിസ്തുമതം മരണാനന്തരം ഉയത്തെഴുന്നേൽപ്പിൽ വിശ്വസിക്കുന്നു. ഹിന്തുമതവും ബുദ്ധമതവും മരണാനന്തരംപുനർജ്ജന്മത്തിൽ വിശ്വസിക്കുന്നു. ക്രിസ്തുമതം ഈശ്വരൻ ക്രിസ്തുവായി അവതരിച്ചുവെന്നു വിശ്വസിക്കുന്നു. അഥവാ ഈശ്വരപുത്രനിൽ വിശ്വസിക്കുന്നു. മുഹമ്മദുമതം ഈശ്വരപുത്രനുണ്ടാകുമെന്നോ ഈശ്വരൻ അവതരിക്കുമെന്നോ വിശ്വസിക്കുന്നില്ല. ഹിന്തുമതം നിത്യമായ ആത്മാവിൽ വിശ്വസിക്കുന്നു; ബുദ്ധമതം നിത്യനായ ആത്മാവിൽ വിശ്വസിക്കുന്നില്ല. രാമാനുജമതം ആത്മാവ് അണുപരിണാമമെന്നും ശങ്കരമതം ആത്മാവു വിഭുവാണെന്നും സിദ്ധാന്തിക്കുന്നു. ഇതെല്ലാം പ്രമാണഗ്രന്ഥങ്ങളെ അടിസ്ഥാനമാക്കിത്തന്നെയാണു താനും. ഈ സ്ഥിതിക്കു 'പലമതസാരവും ഏക'മെന്നു പറഞ്ഞതെന്തു? ഇതു ചിന്തിക്കാനുള്ളതാണ്.........എല്ലാ മതങ്ങളുടേയും ഉപദേശങ്ങൾ ഭക്തിയോഗം, കർമ്മയോഗം, രാജയോഗം, ജ്ഞാനയോഗം എന്നീ നാലിൽപെടും. മതാനുഷ്ഠാനങ്ങളുടെ ബാഹ്യഭാവങ്ങൾ പലതരത്തിലിരുന്നാലും അകത്തുള്ളതെല്ലാം ഇതിൽ ഏതെങ്കിലും ഒന്നിന്റെയോ ഒന്നിലധികത്തിന്റെയോ അഭ്യാസമാണ്. അതിനാൽ പല മതങ്ങളുടേയും സാരം യോഗമാണെന്നു പറയും. ക്രിസ്തുവും, മഹമ്മദും, ബുദ്ധനും, ജിനനും എല്ലാം യോഗികളായിരുന്നു. ശ്രീ നാരായണഗുരുസ്വാമികളും ഒരു യോഗിയായിരുന്നു. അതുകൊണ്ടാണ് പലമതസാരവുമേകമെന്ന് അദ്ദേഹം പറഞ്ഞതു്. ഈ അർത്ഥത്തിലല്ലാതെ ജഡികന്മാർ (Materialists) വ്യാഖ്യാനിക്കുന്ന അർത്ഥം അദ്ദേഹത്തിന്റെ ഉപദേശങ്ങൾക്കില്ല.

എല്ലാ മതങ്ങളുടെയും സാരത്തിൽ ഒന്നെന്നു ദർശിക്കുവാനും അങ്ങനെ മതകലഹവും നിർമ്മതത്വവും നീങ്ങി ലോകകല്യാണം കൈവരുത്താനും ശ്രീ നാരായണഗുരുസ്വാമികളുടെ സന്ദേശം പ്രേരണ നൽകട്ടെ എന്നു ഞാൻ ആശംസിക്കുന്നു.

* (ഒരു പ്രസംഗസങ്ക്ഷേപം)

# * ഗുർവഷ്ടകം

(ശ്രീ. മാധവാനന്ദസ്വാമികൾ)

ആജന്മശുദ്ധമഖിലാഗമസാരവിജ്ഞം
യോഗീന്ദ്രമാത്മപദസംസ്ഥിതചിത്തവൃത്തിം
സംസാരസിന്ധുതരണേ തരണിം ശ്രിതാനാം
നാരായണം പരമദേശികമാനതോഽസ്മി. (1)

യോ ജന്മനാപ്യശുഭദാൻ വിഷയാൻ വിചിന്ത്യ
നിസ്സംഗതാമുപഗതോഽതിവിശുദ്ധബുദ്ധിഃ
സത്സംഗതൗ കൃതരതിഃ പ്രജഹൗ സ്വവേശ്മ
നാരായണം പരമദേശികമാനതോഽസ്മി. (2)

ഏകാന്തശാന്തഹൃദയോ ഹിതപോവനാനി
പുണ്യാനി തീർത്ഥസലിലാനി നിഷേവതേ സ്മ.
ചംക്രമ്യ ഭൂമിമഖിലാഞ്ച സുരാലയാൻ യോ
നാരായണം പരമദേശികമാനതോഽസ്മി. (3)

കൈലാസവാസിനമുമേശ്വരമാത്മശുദ്ധ്യൈ
സംചിന്തയൻ വിജനദേശമവാപ ധീരഃ
ദേഹേന്ദ്രിയാണി ചപലാന്യുപസംഹരൻ യോ
നാരായണം പരമദേശികമാനതോഽസ്മി. (4)

സന്ത്യജ്യ സർവവിഷയാൻ മനസാ വിരക്ത-
ശ്ശീതാതപാദിജനിതഞ്ച വിഷഹ്യ ദുഃഖം
തീവ്രേണ കാലമനയത്തപസാ ചിരം യോ
നാരായണം പരമദേശികമാനതോഽസ്മി (5)

അഷ്ടാംഗയോഗമപി ധീരതയാചരൻ യോ
പ്രാണാദിമാരുതഗതിഞ്ച നിയമ്യ ശാന്തഃ
ഹൃത്പുണ്ഡരീകനിലയം സ്വയമപ്യപശ്യൻ.
നാരായണം പരമദേശികമാനതോഽസ്മി. (6)

ശ്രുത്യർത്ഥസാരമതിസൂക്ഷ്മമതിസ്സ്വയം യോ
ജഗ്രാഹ സർവനിലയം പരമാർത്ഥതത്ത്വം
സച്ചിത്സുഖം സതതശുദ്ധമചിന്ത്യമാദ്യം
നാരായണം പരമദേശികമാനതോഽസ്മി. (7)

സംപ്രാപ്യ മുക്തിപദമാത്മസുഖേ നിഷണ്ണ-
സ്സർവത്ര സഞ്ചരതി ലോകഹിതായ ധന്യഃ
വിദ്വജ്ജനൈരനുഗതഃ പ്രിയദർശനോ യോ
നാരായണം പരമദേശികമാനതോഽസ്മി. (8)

ഗുർവഷ്ടകമിദം ഭക്ത്യാ
യഃ പഠേദ് ഗുരുസന്നിധൗ
സർവസിദ്ധിം സ ലഭതേ
ഗുരുവര്യപ്രസാദതഃ

* പി. വി. കെ. ശങ്കരൻ മുൻഷി (തൃക്കരുവാ) അയച്ചുതന്നതു്. ശ്രീ മാധവാനന്ദസ്വാമികൾ ഗുരുദേവന്റെ പ്രധാന ശിഷ്യന്മാരിൽപ്പെട്ട ഒരു മഹാപണ്ഡിതനായിരുന്നു. അദ്ദേഹം വളരെക്കാലങ്ങൾക്കു മുൻപു് സമാധിയായിപ്പോയി.

---

"ഋതം പിബന്തൗ" എന്നതിനു "ഋതം, സത്യം അവശ്യംഭാവിത്വാത് കർമ്മഫലം പിബന്തൗ ഏകസ്തത്ര കർമ്മഫലം പിബതി നേതരഃ (ശങ്കരഃ) — ഒരാളേ ഭുജിക്കുന്നുള്ളു — ജീവാത്മാവേ ഭുജിക്കുന്നതായി തോന്നുന്നുള്ളു —" എന്നു പറയാൻ കാരണം, പരമാർത്ഥത്തിൽ പരമാത്മാ ഒന്നും ഭുജിക്കാത്തവനാകയാൽ കർമ്മം ബാധിക്കുന്നതേയില്ല, അതുകൊണ്ടു ജന്മാദി ഭവിക്കുന്നുമില്ല. ഇതുകൊണ്ടു തന്നെയാണു കർമ്മഭോക്താവായ ഒരാത്മാവുണ്ടോ എന്ന ചോദ്യത്തിനു അവകാശവും, ഉണ്ടെന്നു പറയാൻ കാര്യങ്ങൾ ബോധ്യപ്പെടുവാനെളുപ്പമാണെന്നു മാത്രമെയുള്ളുവെന്നും

"അസ്തീത്യേവോപലബ്ധവ്യ-
സ്തത്ത്വഭാവേന ചോഭയോഃ
അസ്തീത്യേവോപലബ്ധസ്യ
തത്ത്വഭാവഃ പ്രസീദതി"

ശ്രുതി പറയുവാനിടയായതു്. ഇതെല്ലാം തത്ത്വം തന്നെ.

എന്നാൽ ഈ തത്ത്വം തത്ത്വജ്ഞാനാവാനായ അങ്ങേ അറ്റത്തുള്ളവനറിയാനാണു ദേശിക്കപ്പെട്ടിരിക്കുന്നതു്. സാമാന്യനെസംബന്ധിച്ചിടത്തോളം ദ്വൈതഭാവത്തിൽ, ജീവാത്മാവിനെ ഭോക്താവായറിഞ്ഞു പ്രവർത്തിച്ചേ മതിയാവൂ. അല്ലെങ്കിൽ ലോകത്തിനു ഹാനിവരത്തക്കതായ അധർമ്മവൃദ്ധിക്കു ഇടവന്നേക്കാം. കാമാദിനിശ്ശേഷം നശിച്ചവനു് — മോക്ഷം വേണമെന്നുപോലും ആഗ്രഹമില്ലാത്തവനു് — മാത്രമേ പരമാർത്ഥബോധത്തിനു അർഹതയുള്ളൂ. പക്ഷെ അവനിപ്പോൾ ലോകാതീതനാണു്. ലോകത്തിൽ കഴിയുന്ന മറ്റേവൻ ദ്വൈതബുദ്ധിയോടുകൂടി, ജീവാത്മാവു ഭോക്താവാണെന്നു തന്നെ കരുതി താൻ കർമ്മഫലം അനുഭവിച്ചേ കഴിയുവെന്നു വച്ചു ആ വഴിക്കു കർമ്മനിരതനായി കഴിയുന്നു.

ഹിന്ദുമതമെന്ന ശബ്ദംകൊണ്ടറിയുന്ന മഹാപാഠങ്ങളല്ലാംകൊള്ളാത്തതായി ഒരു വിധമറിവുമില്ല. ഏതറിവു് — ആർക്കു് — ഏതുവിധമുപകരിക്കുമെന്നു ചിരകാലം, അടുത്തു പരിചയിച്ചറിഞ്ഞു അധികാരിനിർണ്ണയം ചെയ്തു ഉപദേശിക്കാൻ തക്ക ഗുരുക്കന്മാരുണ്ടായിരുന്ന കാലം, ഈ പാഠങ്ങൾ ലോകോപകാരത്തിനായി ചമഞ്ഞു. അധികാരിനിർണ്ണയത്തിനുള്ള വഴി നഷ്ടപ്പെട്ടതോടുകൂടി വൈദ്യമന്യന്റെ കൈയ്യിൽ കിട്ടിയ കല്പ്പത്രപമായ കാരസ്കരംപോലെ ആ അറിവു ലോകോപകാരത്തെക്കാൾ ലോകോപദ്രവത്തിനു പര്യാപ്തമായിത്തീർന്നിരിക്കുന്നു. "മഠങ്ങ"ളുടെയെല്ലാം ഒരു ചുമതല അധികാരിനിർണ്ണയം ചെയ്തു അധികാരാനുസൃതമായി മതോപദേശം ചെയ്യുകയെന്നുള്ളതായിരിക്കണമെന്നാണു എന്റെ വിനീതമായ ബോധം.

# ഗുരുദേവൻ അഭ്യസിപ്പിച്ചതു്.

പണ്ഡിററു വി. ഭാർഗ്ഗവൻ വൈദ്യൻ
(ആയുർവേദാചാര്യ)

ശ്രീ നാരായണഗുരുദേവൻ വിശ്രമിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഒന്നാണുകുളത്തൂർ. ഗുരുദേവൻ പ്രതിഷ്ഠിച്ചിട്ടുള്ള ഒരു ശിവക്ഷേത്രം കുളത്തൂരുണ്ടു്.

“കോലത്തുകരെ കുടികൊണ്ടരുളും
ബാലപ്പിറചൂടിയ വാരിധിയേ”
എന്നു ഗുരുദേവനും
“കാലൻ കനിവററു കുറിച്ചുവിട്ട
ന്നോലപ്പടിയെന്നെയയയ്ക്കരുതേ”

എന്നു മഹാകവി ആശാനും ചേർന്നു രചിച്ച മുക്തകം ഈ ക്ഷേത്രത്തിലെ ശിവനെ ഉദ്ദേശിച്ചാണു്.

സ്വാമി തൃപ്പാദങ്ങൾ ചെറുപ്പത്തിൽ കുളത്തൂർ താമസിച്ചു്, 'വാക്യം, പരപ്പേറു്, അമരേശം, എന്നിങ്ങനെ പഴയ സമ്പ്രദായത്തിൽ മേലതിലാശാനോടു് പഠിച്ചിട്ടുമുണ്ടു്. സ്വാമിതൃപ്പാദങ്ങളോട് അടുത്തു കഴിയുവാനും അവിടത്തെ സാന്നിദ്ധ്യംകൊണ്ടു പുണ്യമാർജ്ജിക്കുവാനും കുളത്തൂരുള്ള ഭക്തന്മാർക്കു സാധിച്ചിട്ടുണ്ടു്. “കുളത്തൂക്കാർ ഭക്തന്മാരാണു് —പാവങ്ങളാണു്” എന്നു ഗുരുദേവൻ കല്പിക്കാറുമുണ്ടായിരുന്നു.

ഗുരുദേവൻ കുളത്തൂർ വിശ്രമിക്കുന്ന അവസരം ഞങ്ങൾക്കു് ഓണക്കാലമാണു്. മിക്കവാറും ക്ഷേത്രത്തിനോടടുത്തുള്ള പർണ്ണശാലയിലാണു് ഗുരുദേവൻ എഴുന്നെള്ളിയിരിക്കുന്നതു്. ഞങ്ങൾ ഗുരുദേവനെ 'വലിയസ്വാമി' എന്നാണു വിളിച്ചു വരുന്നതു്. ഇന്നും കുളത്തൂർ ഇതു് നിത്യനാമമായിത്തീർന്നിട്ടുണ്ടു്. സത്യം ചെയ്യുന്നതും വലിയസ്വാമിയെക്കൊണ്ടുതന്നെ. സ്വാമി എഴുന്നെള്ളി വിശ്രമിക്കുമ്പോൾ ഭക്തജനങ്ങൾ പർണ്ണശാലയ്ക്കു ചുററും തിങ്ങിക്കൂടാറുണ്ടു്. ജനപ്പെരുപ്പത്തിലുണ്ടാകാറുള്ള ശബ്ദഘോഷഹലങ്ങളൊന്നും വലിയസ്വാമിയുടെ സന്നിധിയിൽ ഉണ്ടാകുകയില്ല. എല്ലാം ശാന്തമായിത്തന്നെ കഴിയുന്നു. കൊച്ചുകുഞ്ഞുങ്ങൾ ഒഴിയാതെ സ്വാമിയുടെ അടുത്തു കൂടും. അതിനു രണ്ടുകാരണങ്ങളുണ്ടെന്നു തോന്നുന്നു. ഒന്നു ഗുരുദേവനെ കാണുവാനുള്ള കൗതുകം. ഭക്തജനങ്ങൾ ഉപായനമായി കൊണ്ടുവരുന്ന പഴം, കല്ക്കണ്ടു് മുതലായവ ഗുരുദേവകല്പനപ്രകാരം കിട്ടുമെന്നുള്ള ആഗ്രഹം മറെറാന്നു്. നിശ്ചയമായും ഞാൻ ഈ ആഗ്രഹത്താൽ എത്താറുള്ള കുട്ടിയായിരുന്നു.

ഒരു ദിവസം ഗുരുദേവൻ ക്ഷേത്രസന്നിധിയിലെ പർണ്ണശാലയിൽ വിശ്രമിക്കുന്നു. ഭക്തജനങ്ങൾ വളരെ എത്തിയിട്ടുണ്ടു്. ഞങ്ങളും മേല്പറഞ്ഞ ആഗ്രഹത്തോടെ എത്തിക്കഴിഞ്ഞിരിക്കുന്നു. പുലയരെ ഞങ്ങളുടെ ക്ഷേത്രത്തിൽ പ്രവേശിപ്പിക്കണമെന്നു ഗുരുദേവൻ നിശ്ചയിച്ചിരിക്കുന്ന ദിവസമാണു്. അവർ കുളിച്ചു ശുഭ്രവസ്ത്രാദികളും ധരിച്ചു പർണ്ണശാലയുടെ ഒരു ഭാഗത്തു അണിനിരന്നു നില്ക്കുന്നു. സമുദായപ്രമാണികളുടെ ഇടയിൽ അല്പം ചില ഇടർച്ചയും ഇല്ലാതില്ല. ഒരു ഗൗരവം പെട്ടെന്നു ആവിർഭവിക്കുന്നു. ഗുരുദേവൻ മൗനമായി ഒരു ചാരുകസേരയിൽ ഇരിക്കുന്നു. കല്ക്കണ്ടം, മുന്തിരിങ്ങ മുതലായവ ഇപ്പോൾ തരാൻ കല്പിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി ഞങ്ങളും കഴിയുന്നു. എന്തെന്നില്ലാത്ത ഒരു ഗാംഭീര്യമോ, ശാന്തതയോ രണ്ടുമോ അവിടെ എങ്ങും കാണുന്നു. അധഃകൃതരെ ക്ഷേത്രത്തിൽ പ്രവേശിപ്പിച്ചാൽ ദേവൻ കോപിച്ചു കടന്നുകളയും, ക്ഷേത്രം ഉടനെ ഇടിഞ്ഞു വീഴുകയും ചെയ്യുമെന്നുള്ള വിചാരം ശരിയല്ലെന്നു വിശോഭാത്തരമായ ക്ഷേത്രപ്രവേശന വിളംബരത്തിനു ശേഷം എല്ലാപേർക്കും അറിവായെങ്കിലും, വിളംബരത്തിന്റെ പശ്ചാത്തലം സൃഷ്ടിക്കുന്ന രംഗങ്ങളിലൊന്നാണു് അന്നു സംവിധാനം ചെയ്യപ്പെട്ടതെന്നു ഓർമ്മിക്കേണ്ടതാണു്. ചില പഴഞ്ചന്മാരായ കാരണവന്മാർക്കുള്ള സംഭ്രാന്തിയും വയററുകത്തലും അങ്ങനെ നടക്കുന്നു. ഗുരുദേവൻ കല്പിക്കുന്നു —“എന്താ ഇവരെ ക്ഷേത്രത്തിൽ പ്രവേശിപ്പിക്കാമല്ലോ—ആർക്കും വിരോധമില്ലല്ലോ” പ്രമാണികളിൽ പലരും 'കല്പനപോലെ' എന്നു ഒത്തു മൂളുന്നു. അല്പസമയം വീണ്ടും കഴിയുന്നു. ആരും ഒന്നും അനങ്ങുന്നില്ല. തേച്ചു മിനുക്കിയാൽ കാന്തിയും മൂല്യവും വായ്ക്കുന്ന ആ ഭാരതസന്താനങ്ങൾ ഗുരുദേവനെ നോക്കി വർണ്ണനാതീതമായ വിനയഭാവത്തോടെ മിഴിച്ചു നില്ക്കുന്നു. “എന്താ പ്രവേശിപ്പിക്കാമല്ലോ” ഗുരുദേവൻ കല്പിച്ചു. യാതൊരു ഭാവഭേദവും സദസ്സിൽ കാണുന്നില്ല. പുലയരെ നോക്കി, അടുത്തു നിന്നിരുന്ന ഒരു സന്യാസിയോടു് 'ഇവർക്കു മുന്തിരിങ്ങാപ്പഴം കൊടുക്കണം' എന്നരുളിച്ചെയ്തു. കല്പനപ്രകാരം പ്രസാദവിതരണം നടന്നുതുടങ്ങി. കുട്ടികളായ ഞങ്ങളുടെ ഇടയിൽ മാത്രം ചില ഭാവവ്യത്യാസങ്ങൾ ഉണ്ടായി. ഗുരുദേവൻ അതു കണ്ടു ഇവർക്കും കൊടുക്കണം. ഞങ്ങൾ സന്തുഷ്ടരായി. ഗുരുദേവൻ ഞങ്ങളുടെ നേരെ നോക്കി. എനിക്കു വലിയ സ്വാമിയെ പേടിയാണു്. എന്റെ അച്ഛൻ ചെറുപ്പകാലത്തു സ്വാമികളുടെ ഒരു സഹചാരിയുംകൂടി ആയിരുന്നു. വടക്കു സ്വാമികൾ നടത്തിയതായി പല കഥകളും അച്ഛൻ പറഞ്ഞുതന്നിട്ടുണ്ടു. കുളം വററിച്ചതും, മഴ പെയ്യിച്ചതും— ഇങ്ങനെ പോകും അതു്. ഭക്തന്മാർ പലരും ഇത്തരം കഥയിൽകൂടി ഗുരുദേവനെ വലുതായിക്കാണുന്നു. പരമ്പരാഗതമായ ഒരുതരം വാസനാവൈഭവം ഇത്തരം കഥകളുടെ നിർമ്മാണത്തിനു നിദാനമായിത്തീരുന്നു. അതുപോകട്ടെ —ഗുരുദേവൻ, അടുത്തു നിന്ന

ഒരു ശിഷ്യനോട്" എന്നെ വിളിക്കാൻ ആജ്ഞാപിച്ചു. ഞാൻ ഓടാനും നിശ്ചയിച്ചു. ആ ഭക്തൻ എന്നെ പിടിച്ചു. ഞാൻ വിറച്ചു. ഏതായാലും ഒരു വിധത്തിൽ ഗുരുദേവസന്നിധിയിൽ എത്തി. ഞാൻ മിഴിച്ചു നിന്നു. അപ്പോഴും ഞാൻ വിറയ്ക്കുന്നുണ്ടായിരുന്നു "ഇവനു പഴം കൊടുക്കണം, കൊള്ളാം, നിന്റെ പേരെന്താണ്" ഗുരുദേവൻ അരുളിച്ചെയ്തു. ഞാൻ പേരു പറഞ്ഞു. "കൊള്ളാം, ഈ നിൽക്കുന്നവരെ (പുലയരെ) അറിയാമോ. ഇവർ ആരാണ്. ഇവരെ ക്ഷേത്രത്തിൽ കയററാമല്ലോ" എന്ന് എന്നോടു ചോദിച്ചു. ജാതിവിചാരമുള്ളവരോടു വലിയസ്വാമിക്കു പ്രതിപത്തിയില്ല എന്നു അച്ഛൻ പറഞ്ഞു എനിക്കറിയാമായിരുന്നു. "ഇവർ സഹോദരന്മാരാണ് ഇവരെ ക്ഷേത്രത്തിൽ കയറാൻ സ്വാമി അനുവദിക്കണം" എന്നു ഞാൻ കരഞ്ഞുകൊണ്ടു പറഞ്ഞു. "ഇവൻ കൊള്ളാം. ഇവനെ നമുക്കു കൊണ്ടുപോയി പഠിപ്പിക്കണം വരാമോ" എന്നു വലിയ സ്വാമി ചോദിച്ചു, അച്ഛൻ അനുവദിച്ചാൽ വരാമെന്നു ഞാനും പറഞ്ഞു.

സമുദായപ്രമാണികളോടു വീണ്ടും സ്വാമികൾ ചോദിച്ചിട്ട് പുലയർക്കു ക്ഷേത്രത്തിൽ പ്രവേശിക്കുവാൻ അനുവാദം കൊടുക്കുകയും എല്ലാപേരും കൂടി ഗുരുദേവഗാനങ്ങളും പാടി ക്ഷേത്രത്തിൽ പ്രവേശിച്ചു ആരാധന നടത്തുകയും പുലയരിൽ ചിലർ ചെണ്ടമേളം നടത്തുകയും, ഗുരുദേവനെപ്പററി ചില നേരമ്പോക്കുള്ള പാട്ടുകൾ പാടി കളിക്കുകയും ചെയ്തു. അവർ വീണ്ടും സ്വാമികളെ വന്ദിച്ചു പിരിഞ്ഞുപോയി. ആ കല്പന ഇന്നും അനുസരിക്കപ്പെട്ടുപോരുന്നു.

വലിയ സ്വാമി രണ്ടുമൂന്നു ദിവസങ്ങൾ കൂടി അവിടെ വിശ്രമിച്ചിട്ടു എന്നെയും ഒരു ദിവാകരനെയും പുലയസഹോദരരിൽ നിന്നു ഒരു പവിത്രനേയും (പവിത്രൻ എന്നു സ്വാമികൾ പിന്നെ ഇട്ട പേരാണ്) പഠിപ്പിക്കുന്നതിന് വേണ്ടി കൂട്ടിക്കൊണ്ടു വക്കല ശിവഗിരിയിലേക്കു പോയി.

ഞങ്ങൾ മൂന്നുപേരും നാട്ടുകാരാണെന്നുള്ള പ്രത്യേകത വച്ചുകൊണ്ടു സദാ ഒരുമിച്ചു കഴിഞ്ഞു. ശിവഗിരിയിലെ ജീവിതം ഒരു പുതിയലോകത്തിലേക്ക് ഞങ്ങളെ ഉയർത്തുന്നതുപോലെ തോന്നി. ഗുരുദേവനുമായി അടുത്തു കഴിയുന്തോറും ആദ്യമുണ്ടായിരുന്ന ഭയം മാറിത്തുടങ്ങി. ദിവാകരനെ ഇംഗ്ലീഷ് പഠിപ്പിക്കാനും പവിത്രനെ മലയാളം പഠിപ്പിക്കുവാനും എന്നെ സംസ്കൃതം പഠിപ്പിക്കുവാനും വേണ്ടഏർപ്പാടുകൾ നടന്നു. ഞങ്ങളുടെ ആഹാരാദികാര്യങ്ങളിൽ ഗുരുദേവൻ കൂടുതൽശ്രദ്ധ പതിപ്പിച്ചിരുന്നു. ഇന്നു ശിവഗിരിയിലുള്ള ഗോവിന്ദനാശാനേയും ഇപ്പോൾ നീലഗിരിയിൽ ശ്രീനാരായണഗുരുകുലം നടത്തുന്ന ഡാ. നടരാജനേയുമാണ് ഞങ്ങളെ നോക്കുന്നതിനു ഏർപ്പെടുത്തപ്പെട്ടിരുന്നത്. വിശേഷാവസരങ്ങളൊഴിച്ചാൽ കൗപീനധാരികളായി ഞങ്ങൾ കഴിഞ്ഞുവന്നു. (ഇതുകൊണ്ടു ഞങ്ങളുടെ പ്രായത്തേയും സ്വഭാവത്തേയും കുറിച്ചു കുറഞ്ഞൊന്നെങ്കിലും ഗ്രഹിക്കാമല്ലോ.) ഞങ്ങൾ ശിവഗിരിയിൽ ചെല്ലുമ്പോൾ അവിടെ പറയസമുദായത്തിൽപെട്ട രാഘവൻ, കുഞ്ഞുരാമൻ ഗോപാലൻ എന്നു മൂന്നുപേരെ ഗുരുദേവൻ എടുത്തുവളർത്തുന്നുണ്ടായിരുന്നു. ഞങ്ങളിൽ വച്ച് രാഘവൻ നല്ല സുന്ദരനായിരുന്നു. കുളിച്ചൊരുങ്ങി വരുന്നതു കണ്ടാൽ ഒന്നാന്തരം നമ്പൂതിരിയുവാവാണു രാഘവൻ എന്നു തോന്നും. ശിവഗിരിയിൽ ജാതിചിന്തയില്ല. സംഭവങ്ങളുടെ യാഥാർത്ഥ്യത്തെ ആവിഷ്കരിക്കുന്നതിനു വേണ്ടി ജാതിനാമപ്രയോഗിക്കുന്നേനെയുള്ളു. എനിക്ക് ഭയംതോന്നുന്നു. എന്തുകൊണ്ടെന്നാൽ ജാതിചിന്ത വന്നാൽ ഗുരുദേവനിൽ നിന്നു നാം അകന്നു പോകുമെന്ന് എനിക്കറിയാം. ഞങ്ങളെ വാൽസല്യത്തോടുകൂടി ഗുരുദേവൻ വളർത്തി; ലോകത്തിലെ കാപട്യങ്ങൾ ഒന്നും അറിയാതെ ഞങ്ങൾ വളർന്നു.

ഒരുദിവസം പ്രഭാതത്തിൽ ഗുരുദേവൻ ദിനകൃത്യങ്ങൾ കഴിഞ്ഞ് ശിവഗിരിയിലെ പർണ്ണശാലയിൽ വിശ്രമിക്കുന്നു. ഞങ്ങൾ ചെന്നു നമസ്കരിച്ചു. കുസൃതിത്തരംകൊണ്ടു ഞങ്ങളിൽ അന്നു ഞാൻ പ്രധാനിയായിരുന്നു. അതുകൊണ്ടു എന്നെ കൂടുതൽ നിയന്ത്രിച്ചുമിരുന്നു. ഗുരുദേവൻ 'ഇവരെ നാം പഠിപ്പിക്കണം പഠിപ്പിക്കാമെന്നു പറഞ്ഞാണല്ലോ കൊണ്ടുവന്നത്. എന്തുപഠിപ്പിക്കണം" എന്ന് അടുത്തു നിന്നിരുന്ന സന്യാസിമാരോടു ചോദിച്ചു. അവർ ഒന്നും മിണ്ടിയില്ല. ഉപ്പാദങ്ങൾമതപരമായികുറേനേരം ഇരുന്നു. "ജാതിയേപ്പററിയായാലോ — അതു കൊള്ളാം അല്ല. ഇല്ലാത്തതിനെപ്പററി എന്താണു പറയുക — ഇല്ല — ജാതി ഇല്ല. നമുക്ക് ഒരിക്കലും ജാതി ഉള്ളതായി തോന്നിയിട്ടില്ല. വേദാന്തവ്യവഹാരവും അങ്ങനെയാണല്ലോ പോകുന്നത്. കഷ്ടം! മനുഷ്യൻ ഇങ്ങനെയായല്ലോ - വിവേകവുമുണ്ട് - പാപം. (ഞങ്ങളെ നോക്കി) ഇവരെ നാം പഠിപ്പിക്കണം. എടാ, നിങ്ങൾ ഇങ്ങനെ പഠിക്കണം: ജാതി ചോദിക്കരുത്, വിചാരിക്കരുത്, പറയരുത്. മനസ്സിലായോ പറയിൻ." ഞങ്ങൾ ജാതി ചോദിക്കരുത്, വിചാരിക്കരുത്, പറയരുത് എന്നു ഏററുപറഞ്ഞു. അതിനെക്കുറിച്ചു ചിലതെല്ലാം തുടർന്നു ഗുരുദേവൻ പറഞ്ഞു. ഗുരുദേവൻ വീണ്ടും 'നിങ്ങളോട് ആരെങ്കിലും ജാതിയെന്താണെന്നു ചോദിച്ചാലോ! എന്തു പറയും" ഞാൻ: ജാതി ചോദിക്കരുത് വിചാരിക്കരുത് പറയരുത് എന്നു സ്വാമി ഞങ്ങളെ പഠിപ്പിച്ചെന്നു പറയും. ഗുരുദേവൻ:- കൊള്ളാം അതുമാത്രം പോരാ. ഇങ്ങനെ പറയണം. കണ്ടാലറിയാൻ പാടില്ലെങ്കിൽ കേട്ടാലറിയുന്നതെങ്ങനെ എന്ന്. മനസ്സിലായോ - ഇല്ല. പട്ടിക്ക് പട്ടിയെ കണ്ടാലറിയാം. ആനയ്ക്ക് ആനയെ അറിയാം ഇപ്പോൾ മനസ്സിലായോടാ" 'സ്വാമി' എന്നു ഞാൻ സമ്മതിച്ചു. പിന്നെ പലതും പറഞ്ഞുതന്നു.

ഇതിനെ തുടർന്നു ശിവഗിരിയിൽ വന്നിട്ടുള്ള പലരോടും ഞങ്ങൾ വാദപ്രതിവാദങ്ങൾ നടത്തിയിട്ടുണ്ട്. ഗുരുദേവൻ തന്നെ ജാതിയെപ്പററി ആവർത്തിച്ചാവർത്തിച്ചു പഠിപ്പിച്ചുതന്നിട്ടുണ്ട്. ജാതിവിചാരമുള്ളവരോടു ഗുരുദേവനു വിരോധമൊന്നുമില്ലായിരുന്നു. ... ജാതിനെ

# സാധനചതുഷ്ടയം

S. N. T.

I.

സാധനചതുഷ്ടയസമ്പന്നന്മാരായ അധികാരികൾക്കു മോക്ഷസാധനമായ തത്വവിവേകത്തെ സംഗ്രഹമായി പറയാം. ഇതിൽ സാധനചതുഷ്ടയം എന്നതു് ഒന്നാമതായി ധരിക്കണം. അവ നിത്യാനിത്യവസ്തുവിവേകം, ഇഹാമുത്രാർത്ഥഫലഭോഗവിരാഗം, ശമാദിഷൾക്കസമ്പത്തി, മുമുക്ഷുത്വം എന്നിവകളാണു്. ഇതിൽ നിത്യാനിത്യവസ്തുവിവേകം എന്നതു്; ഒന്നായ ബ്രഹ്മം നിത്യവസ്തു. അതിനു അന്യമായവയെല്ലാം അനിത്യവസ്തു എന്നർത്ഥമാണു്. രണ്ടാമത്തെ വിരാഗം—ഇഹലോകപരലോകസുഖങ്ങളിൽ ആഗ്രഹമില്ലായ്മ. മൂന്നാമത്തെ ശമാദിഷൾക്കസമ്പത്തി(1)ശമം(2) ദമം (3) ഉപരതി (4) തിതിക്ഷ (5) ശ്രദ്ധാ (6) സമാധാനം എന്നിവകൾ ആകുന്നു. ഇതിൽ ശമം—മനോനിഗ്രഹം (മനസ്സിനെ അടക്കുന്നതാകുന്നു.) ദമം പഞ്ചേന്ദ്രിയങ്ങളെ അടക്കുന്നതും ഉപരതി; "സ്വധർമ്മാനുഷ്ഠാനമേവ" സ്വധർമ്മാനുഷ്ഠാനം തന്നെ എന്നർത്ഥമാകുന്നു. ബഹിർധർമ്മങ്ങളിൽ നിന്നും മോചിക്കുന്നതിനു ഉപരതി എന്നു പറയുന്നു. തിതിക്ഷ "ശീതോഷ്ണസുഖദുഃഖാദിസഹിഷ്ണുത്വം. തണുപ്പു് ചൂടു് സുഖം ദുഃഖം ഇവകളെ സഹിക്കുന്നതാകുന്നു. ശ്രദ്ധാ- ഗുരുവാക്യം വേദാന്തവാക്യം മുതലായവയിൽ ഉണ്ടാകുന്ന ദൃഢമായ വിശ്വാസമാണു്. ആറാമത്തെ സമാധാനം "ചിത്തൈകാഗ്ര്യം,—ചിത്തത്തെ ശ്രവണത്തിലും ധ്യാനത്തിലും ഏകാഗ്രമായി നിറുത്തുന്നതിനു സമാധാനം എന്നു പറയുന്നു. സാധനചതുഷ്ടയത്തിൽ മുമുക്ഷുത്വം—മോക്ഷം എനിയ്ക്കുണ്ടാകണമെന്നുള്ള ഇച്ഛമാത്രമാകുന്നു. ഈ സാധനചതുഷ്ടയം പ്രാപിച്ചവർ തത്വവിവേകത്തിനു അധികാരികളായിത്തീരുന്നു. സാധനചതുഷ്ടയസമ്പന്നന്മാരല്ലാത്തവരെ ഒരിക്കലും സന്യാസികൾ എന്നു പറയുവാൻ പാടില്ല. ശമാദിഷൾക്കസമ്പത്തിനു് കേൾക്കുമ്പോൾ അതെന്താണെന്നു ചോദ്യംചെയ്യുന്ന ചില യതിവരന്മാരേയും കണ്ടിട്ടുണ്ടു്. ഗുരൂപദേശം സ്വീകരിക്കാതെയും സ്വീകരിച്ചാൽ തന്നെ അവയിൽ ശ്രദ്ധയില്ലാതെയും ശുഷ്കവേദാന്തികളായി അലഞ്ഞുതിരിഞ്ഞു അതിതന്മാരെന്നു് ഭാവിച്ചു കാലയാപനം ചെയ്യുന്നവരേയും കാണുന്നുണ്ടു്. സന്യാസി സമാധാനപരനായിരിക്കണം. ചിത്തത്തെ ശ്രവണത്തിലും ധ്യാനത്തിലും നിറുത്തണം. അങ്ങിനെയുള്ള യതി സർവ്വസംപൂജ്യനാണു്. ശമം—മനസ്സിനെ അടക്കുക ദമം—മനസ്സു് ബാഹ്യവിഷയങ്ങളിൽ പോകാതെ പഞ്ചേന്ദ്രിയങ്ങളെ അടക്കുക ഇവയുള്ളവൻ നിത്യബ്രഹ്മചാരി തന്നെയാകു.

"ബ്രഹ്മവീര്യപ്രതിഷ്ഠായാം
വീര്യലാഭം ഫലംലഭേൽ"

എന്നാണു യോഗസൂത്രം. തത്വവിവേകം, അതെന്താണെന്നു അടുത്ത അവസരം പ്രതിപാദിക്കാം.

---

ളും തീവ്രമായിരുന്നു എന്നുള്ളതിനു പല സംഭവങ്ങളും തെളിവായി എടുക്കുവാനുണ്ടു്. ജാതിചിന്തയുള്ളവരോടു ഗുരുദേവനു് അനുകമ്പയാണുണ്ടായിരുന്നതു്.

ഗുരുദേവനെ പണ്ഡിതന്മാരും മതപ്രചാരകന്മാരും സമുദായപ്രമാണികളും മററും സന്ദർശിക്കുക പതിവായിരുന്നല്ലോ. അക്കൂട്ടത്തിൽ ഒരു സന്ദർശകനായിരുന്നു ശ്രീ പുന്നശ്ശേരിനമ്പി നീലകണ്ഠശർമ്മ. അഖിലശാസ്ത്രവേത്താവായ അദ്ദേഹത്തിനു് അഖിലവും അറിവായിക്കാണുന്ന ഗുരുദേവനെ കാണുന്നതു് വളരെ സന്തോഷപ്രദമായ കാര്യമായിരുന്നു. കാണുന്ന അവസരങ്ങളിലെല്ലാം സംഭാഷണം അസാധാരണമായി നീണ്ടുപോകുന്ന പതിവുണ്ടു്. ജാതിയെക്കുറിച്ചു് അദ്ദേഹത്തിനുണ്ടായിരുന്ന അഭിപ്രായം സർവ്വവിദിതമാണല്ലോ. ധാരാളം ശ്ലോകങ്ങൾ ഉദ്ധരിച്ചു ഉദ്വേഗത്തോടെയാണു് അദ്ദേഹം ജാതിയെക്കുറിച്ചു് സ്വാമികളോടു സംസാരിക്കാറുണ്ടായിരുന്നതു്. ഗുരുദേവൻ നല്ലഫലിതമയമായ ഉത്തരങ്ങൾ കൊടുത്തു അനുകമ്പാർദ്രനായി അപ്പോഴെല്ലാം ഇരുന്നരുളുന്നതു കാണാം.

ഒരിക്കൽ ശിവഗിരിയിൽ വച്ചു് ഈ വാദം മൂത്തു. വാദം ഉച്ചകോടിയിലെത്തിയാലുണ്ടാകാറുള്ള ബഹളങ്ങളൊന്നും ആ ശാന്തിനികേതനത്തിന്റെ ശാന്തതയെ ഭഞ്ജിച്ചിരുന്നില്ല. വാദത്തിന്റെ തത്വത്തിലാണു് മൂർച്ച കൂടിയതു്. വാദം ഇത്തരം പരിണാമത്തിലെത്തി. എന്തായാലും ഒരുവനെ കണ്ടാൽ ഉടൻ ജാതി നിശ്ചയിക്കാമെന്നു പുന്നശ്ശേരി ശഠിച്ചു. ഗുരുദേവൻ:- കൊള്ളാമല്ലോ. എന്നാൽ പരിശോധിച്ചുനോക്കാം. അല്ലേ? 'ഓഹോ' എന്നു് ശ്രീ. ശർമ്മ. ഗുരുദേവൻ ഞങ്ങളെ വിളിച്ചു. രാഘവൻ തുടങ്ങിയ ഞങ്ങൾ അണിനിരന്നു നിന്നു. ശ്രീ ശർമ്മയോടു ഗുരുദേവൻ:—ഇവരുടെ ജാതി നിശ്ചയിക്കാമല്ലോ.

ശ്രീ ശർമ്മാ രാഘവനെ നമ്പൂതിരിയാണെന്നും ഞങ്ങൾ അതിൽ താഴോട്ടുള്ളവരാണെന്നും പറഞ്ഞു.

ഗുരുദേവൻ ചുററുംനിന്ന ശിഷ്യരെ നോക്കി:-കണ്ടോ-ഭാവം. ഇങ്ങനെയാണു ജാതിയുടെ പോക്കു്. (ശർമ്മയോടു്) "നിങ്ങളെല്ലാം ഉണ്ടാക്കിവച്ചിരിക്കുന്ന പ്രകാരത്തിൽ പറഞ്ഞാൽ പറഞ്ഞതൊന്നും ശരിയായില്ല. ഇപ്പോൾ കണ്ടാലറിഞ്ഞുകൂടെന്നു വ്യക്തമായല്ലോ. ഇനി നിങ്ങൾ കേട്ടാണല്ലോ ജാതി മനസ്സിലാക്കുന്നതു്. അവരോടു ചോദിക്കണം. ശ്രീ ശർമ്മാ ഞങ്ങളോടു ജാതി ചോദിച്ചു. ഞാൻ തള്ളിക്കേറിപ്പറഞ്ഞു. കണ്ടാലറിഞ്ഞുകൂടെങ്കിൽ കേട്ടാലറിയുന്നതെങ്ങനെ? ശ്രീ. ശർമ്മാ മിണ്ടാതിരുന്നു. ഗുരുദേവൻ:- കണ്ടോ കുട്ടികൾപോലും സമ്മതിക്കുന്നു. ജാതിയുണ്ടെന്നു പറയുന്നവരുടെ വാദത്തിൽ ഒരർത്ഥവുമില്ലെന്നു്. ഇപ്പോൾ വ്യക്തമായില്ലേ.?"

ഗുരുദേവന്റെ പാവനമായ ജീവിതം ജാതിരാക്ഷസന്റെ കരാളദംഷ്ട്രകളിൽ നിന്നു നമ്മെ എത്രമാത്രം മോചിപ്പിച്ചിട്ടുണ്ടെന്നു് ശാന്തമായി ചിന്തിക്കുക.

# നവജീവൻ.

ശിവഗിരി, വക്കല
15 നവംബർ 1944


## ആട്ടത്തിരുനാൾ

ശ്രീചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സിലേക്കു മുപ്പത്തിരണ്ടു വയസ്സു തികഞ്ഞിരിക്കുന്നു. തിരുമേനി ആയുരാരോഗ്യസൗഖ്യങ്ങളോടുകൂടി ഇനിയും ദീർഘകാലം ഈ ധർമ്മരാജ്യത്തിന്റെ നാഥനായി വിജയിച്ചരുളുവാൻ പ്രജാലക്ഷങ്ങൾ സർവ്വാത്മനാ പ്രാർത്ഥിക്കുന്നു.

കുറഞ്ഞൊരു നാളുകൾക്കുള്ളിൽ, ദൂരവ്യാപകഫലങ്ങളുണ്ടാക്കുന്ന വലിയ കാര്യങ്ങൾ ജനരഞ്ജകപരമായും ലോകോത്തരധർമ്മപരമായും തിരുമേനിക്കു നിർവ്വഹിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളതു തിരുമനസ്സിലെ പ്രജകളായ തിരുവിതാംകൂർകാർ മാത്രമല്ല ലോകം തന്നെയും രോമാഞ്ചത്തോടുകൂടിസ്മരിക്കുന്നുണ്ട്. "ശ്രീചിത്തിരതിരുനാൾ മഹാരാജാവുതിരുമനസ്സ്" എന്നു കേൾക്കുമ്പോൾ ധർമ്മക്ഷേത്രത്തിലെ മണിനാദത്തിന്റെ ആഹ്വാനമാണതെന്നു വിഭാവനചെയ്തു ആനന്ദംകൊള്ളുന്ന അനവധി ഹൃദയങ്ങൾ ഇന്നു ഈ നാട്ടിലുണ്ട്.

പ്രജാലക്ഷങ്ങളുടെ നാഡിസ്പന്ദങ്ങൾ പ്രതിനിമിഷംതൊട്ടറിഞ്ഞുകൊണ്ടു സമരക്ഷുഭിതഖിന്നമായ ഈ കാലത്തുപോലും ശാന്തിസുധ പൊഴിച്ചുകൊണ്ടു തിരുവിതാംകൂർകാരായ നമ്മെ അനുഗ്രഹിച്ചും അല്ലാത്തവർക്കു മാർഗ്ഗദർശനംചെയ്തും വിജയിച്ചരുളുന്ന പൊന്നുതിരുമേനി പ്രജാവൃന്ദത്തിന്റെ നിഷ്കളങ്ക പ്രാർത്ഥനപോലെ നെടുനാൾ വാഴുമാറാകട്ടെ.

### വധശിക്ഷാനിരോധം.

തിരുവിതാംകൂറിലെ ദണ്ഡനീതിയിൽ സ്തുത്യർഹമായ മാറ്റമുണ്ടാക്കുന്ന ഒരു വിളംബരം മഹാരാജാവുതിരുമനസ്സിലെ മുപ്പത്തിരണ്ടാമത്തെ ആട്ടത്തിരുനാൾ പ്രമാണിച്ചു കല്പിച്ചു പുറപ്പെടുവിച്ചിരിക്കുന്നു. കൊലക്കുറ്റത്തിനു പരമാവധി നിശ്ചയിച്ചിരുന്ന വധശിക്ഷ ഇതോടെ റദ്ദാക്കിയിരിക്കുന്നു.

കരുതിക്കൂട്ടി കൊലചെയ്യുന്നവനു കൊലതന്നെ ശിക്ഷയായി കൊടുക്കേണ്ടതാണെന്നു നിയമകോവിദന്മാർക്കു പ്രബലമായ അഭിപ്രായമുണ്ടായിരുന്നു. മനശ്ശാസ്ത്രപഠനം പുരോഗമിച്ചതോടുകൂടി ഈ അഭിപ്രായത്തിൽ സാരമായ പല മാററങ്ങളുമുണ്ടായിട്ടുണ്ട്. ഉഗ്രമായ വികാരാവേശംകൊണ്ടു തപ്തമാകുന്ന സന്ദർഭത്തിൽ മനുഷ്യനു വന്നുചേരുന്ന വിചാരപ്രേരണയാണു കൊലചെയ്‌വാൻ അവനെ നിയോഗിക്കുന്നതെന്നും, ആ ചൂടു വിടുമ്പോൾ അവന്റെ ഹൃദയം തണുത്തു പാകമാകുവാനും, സ്വാപരാധബോധമുണ്ടായി പശ്ചാത്തപിക്കാനും ഉന്നതചിന്തകളെ സ്വയം ഉദ്ദീപിപ്പിക്കാനും സഹായകമാകുന്ന ഒരു ചുററുപാട്ട് അവനുണ്ടാക്കിക്കൊടുക്കുകയല്ലാതെ ജീവിതംതന്നെ അവനു നിഷേധിച്ചുകളയുന്നതു യുക്തമായിരിക്കയില്ലെന്നുമാണു ഒരഭിപ്രായം.

വധശിക്ഷ നിശ്ചയമായും അന്യർക്കൊരു പാഠം കൊടുക്കുവാനുദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. നിയമത്തെ ഭയന്നു സന്മാർഗ്ഗനിരതത്വം അവലംബിക്കുമെന്നുള്ളതാണ് അതിന്റെ തത്വം. ഏതായാലും ഘാതകൻ സമുദായജീവിതത്തിന്റെ ഭദ്രതയെ ഭഞ്ജിക്കുന്ന ഏററവും വലിയ രാക്ഷസനാണ്. അവനെ സമുദായത്തിൽനിന്നും ഒററതിരിച്ചുകളഞ്ഞു സമുദായശാന്തത നിലനിറുത്തുവാനും അവനെ നന്നാക്കാനും പ്രയോജനപ്പെടുന്ന ഒരു പരിപാടി കുറേക്കൂടി പരിഷ്കൃതമായിരിക്കുമെന്നുള്ളതു നിസ്തർക്കമാണ്. ഈ വസ്തുത ഉൽപതിഷ്ണുവും പ്രജാവത്സലനും എല്ലാററിനുംമീതെ ഭൂതദയാലോലുപനുമായ മഹാരാജാവുതിരുമനസ്സുകൊണ്ടു ഗ്രഹിച്ചതിന്റെ ഫലമാണ് ഈ വിളംബരമെന്നു വ്യക്തമാണ്.

മററു പല രാജ്യങ്ങളും സ്വപ്നംകണ്ടുകൊണ്ടിരിക്കുന്ന പുരോഗമനോന്മുഖമായ പരിവർത്തനങ്ങൾ അടിക്കടി തിരുവിതാംകൂർ സാക്ഷാൽക്കരിക്കുന്നുണ്ടെന്നുള്ളതു അത്യന്തം അഭിമാനകരമാണ്. തിരുമനസ്സുകൊണ്ടു ദീർഘകാലംലോകസംഗ്രഹംചെയ്തു വിജയിച്ചരുളട്ടെ.

## കുറിപ്പുകൾ

### ശാസ്ത്രകാരന്മാർ കരുതട്ടെ

ലക്നൗ സർവ്വകലാശാലയിലെ സയൻസ് അസോസിയേഷൻ ഉൽഘാടനംചെയ്തുകൊണ്ടു സർ സി. വി. രാമൻ പറഞ്ഞു "ശാസ്ത്രത്തെ ദുർവ്വിനിയോഗം ചെയ്യാതിരിക്കുന്നതിനുള്ള ഒരായുധം നിസ്സഹകരണമാണ്. ശാസ്ത്രത്തിന്റെ പരിരക്ഷണത്തിനുവേണ്ടി—സാമ്രാജ്യ ദുഷ്പ്രഭുക്കളും ഏകാധിപതികളും അതിനെ മനുഷ്യന്റെ ജീവനും സംസ്കാരവും സംഹരിക്കുന്നതിനുള്ള ഒരുപകരണമാക്കിത്തീർക്കാതിരിക്കുന്നതിനു—വേണ്ടിവന്നാൽ ശാസ്ത്രകാരന്മാർ സ്വയം ക്രൂശിക്കപ്പെടണം." X X

ഒരു ആചാര്യന്റെ ധീരത്വവും മഹാനുഭാവത്വവും ഈ വാക്കുകളിൽ തിങ്ങിനില്ക്കുന്നുണ്ട്, നിശ്ചയം. മാനവധർമ്മത്തിന്റെ മൗലിക ബാലപാഠങ്ങൾപോലും മറന്നുകളഞ്ഞിരിക്കുന്ന ലോകത്തിന്റെ പൊട്ടച്ചെവിയിൽ സർ രാമൻ പാഞ്ചജന്യംമുഴക്കുവാൻസാഹസപ്പെടുകയാണ്. എന്നാൽ ഒരുകാര്യം നിശ്ചയമാണ്. പറക്കുന്ന ബോംബുകളും പീരങ്കിത്തോക്കുകളും വിസർജ്ജിച്ചുകൊണ്ടിരിക്കുന്ന ധൂമപടലിയുടെ ഇടയിൽ ധർമ്മത്തിന്റെ നിഷ്പന്ദദീപത്തെ ഉന്നയിക്കാൻ നീട്ടുന്ന വിരലുകൾ നിത്യജീവിതത്തിന്റെ സ്പന്ദം അനുഭവിക്കുന്നവയാണ്. പുകയും ഇരുളും നശിക്കാനുള്ളവയാണ്; ദീപം പുലരേണ്ടതുമാണ്.

### യുദ്ധം ജയിച്ചാലും സമാധാനമില്ല.

തെക്കേ ആഫ്രിക്കായിൽ ഇന്ത്യാക്കാരനുഭവിക്കുന്ന അസമത കാര്യങ്ങളെക്കുറിച്ചുള്ള വാദപ്രതിവാദവേളയിൽ കേന്ദ്രനിയമസഭയിൽകോൺഗ്രസ്പാർട്ടി ലീഡറായ ശ്രീ ബുലുഭായിദേശായി പ്രസ്താവിച്ചു "1870-ലെ യൂറോപ്യൻ മനോഭാവം ഇനിയും തുടരണമെന്നു വിചാരിക്കുന്നുണ്ടെങ്കിൽ ഈ പ്രത്യേക യുദ്ധം ജയിച്ചാലും സമാധാനം ഉണ്ടാകുവാൻ പോകുന്നില്ല"

X X X

'1870-ലെ യൂറോപ്യൻ മനോഭാവ'മല്ല ധാർമ്മികമായ അടിസ്ഥാനത്തിലല്ലാത്ത ഏതു മനോഭാവമവലംബിച്ചു... മായാലും

# ശ്രീനാരായണധർമ്മഃ

(ശ്രീനാരായണഗുരുദേവർ)

ജാതിമതദേവാനാം വിചാരഃ

അഥ ദേവഃ — ശിഷ്യാ ഊചുഃ —

സർവ്വജ്ഞാസ്മാകമുച്ഛിന്ന
സ്സന്ദേഹോമതവർത്മനഃ;
ഏകദേവതാഭാവ്യസ്മാത്
പരംവ്യാഖ്യാതുമർഹതി. 61

ഗുരുരുവാച —

വിചിത്രസ്യാസ്യജഗതഃ
കർത്താവിവിധശക്തിമാൻ;
സർവ്വേശ്വരസ്സസർവ്വജ്ഞഃ
ഏകോദേവ ഇതീരിതഃ 62
തത്വാന്വേഷണനിഷ്ണാതൈ
ർവിമർശവിശദാശയൈഃ
പ്രണീതാവാക്യപടലീ
സൈഷൈകസ്യേതിഘുഷ്യതി. 63
അനേകസത്വോപന്യാസേ
വാക്യാർത്ഥസ്യാനവസ്ഥിതിഃ
തദേകഃ പരമോദേവോ
മതവാക്യാർത്ഥസമ്മതഃ 64
വിഭിന്നമതഭാജസ്ത
സർവ്വേസ്വമതനിശ്ചിതഃ
ഏകോദേവഇതിപ്രാഹു
രേകത്വം സർവസമ്മതം 65
ദേവദ്വിത്വം ബഹുത്വംവാ
നകസ്യാപിമതേമതം;
ജാത്യൈകത്വം മതൈകത്വം
ദൈവൈകത്വം തഥേഷ്യതേ 66

ശിഷ്യാ ഊചുഃ —

ജാതേർമ്മതസ്യ ദേവസ്യാ—
പ്യേകത്വം സമ്യഗീരിതം;
സാമാന്യധർമ്മാ മർത്ത്യാണാം
ബ്രൂഹിധർമ്മവിദാംവര 67

ഗുരുരുവാച —

അഹിംസാസത്യമസ്തേയ—
സ്തഥൈവാവ്യഭിചാരിതാ
മദ്യസ്യവർജ്ജനംചൈവം
പഞ്ചധർമ്മസ്സമാസതഃ 68

സാമാന്യധർമ്മവിചാരഃ

തത്രാഹിംസാ:—

"അഹിംസാപരമോധർമ്മ"
സർവ്വധർമ്മേഷു സുവ്രതാഃ
ബുദ്ധാദയോമഹാത്മാനോ
യയാപുഃപരമംപദം 69
കസ്യാപിപ്രാണിനോവത്സാഃ
ശരീരപ്രാണഘാതനാം
അപിധാനമഹിംസാസ്യാ—
ന്മനോവാക്കായകർമ്മഭിഃ 70
ധർമ്മസ്സർവ്വോപ്യഹിംസായാ—
മന്തരംഗതയാസ്ഥിതാഃ
അധർമ്മാ അപി ഹിംസായാ
മിത്യാഹുർധർമ്മവേദിനഃ 71
അഹിംസാവ്രതശീലേതു
ഹിംസ്രാഽഹിംസ്രാശ്ചജന്തവഃ
വിശ്വാസമുപഗച്ഛന്തി
മാതരീവ പ്രമോദതഃ 72

അഥസത്യം:—

സതിസാധുഭവേത് സത്യം
സത്യംബ്രഹ്മസനാതനം
സത്യേതിഷ്ഠതിലോകോഽയം
വദേത്സത്യം നചാനൃതം. 73
യസ്സത്യപരവാൻനിത്യം
സത്യം യോഗീവവർത്തതേ;
സയദ്വക്തിഹതത്സർവ്വ—
മതർക്കിതഫലാവഹം. 74

അഥാസ്തേയഃ—

പരസ്വാഹൃതി തച്ചിന്താ
വർജ്ജനാദസ്തേയസംജ്ഞിതാ
തദ "സ്തേയപ്രതിഷ്ഠായാം
രത്നോപസ്ഥാന"മുച്യതേ. 75
സ്തേയസ്സർവ്വാപദാംഹേതു—
രസ്തേയസ്സർവ്വസമ്പദാം;
സ്തേയാന്മാനക്ഷതിസ്തസ്മാ—
ദസ്തേയം സർവ്വദാചരേത് 76
ചൗര്യം വർജ്ജയതോനിത്യം
മഹതാ കരണേന്ദ്രിഭിഃ
വിശ്വാസഭാജനതാസർവ്വ—
മുപദീകരുതേ സ്വയം. 77
ചുരാവിഷസമാക്രാന്തി
മലിമസനരാധമം
നിർഭത്സ്യന്ത്യനസ്യന്തി
ദൂരേഽലക്ഷ്മീവ ബാന്ധവാഃ 78

# മംഗളം

പണ്ഡിതർ വി. യം. വൈദ്യർ

ഏങ്ങനിന്നു ചമഞ്ഞുനാമെല്ലാ-
മിങ്ങുവന്നു നടിക്കയാം, 1
ഇങ്ങുവേഷമഴിച്ചുവെച്ചവ-
രെങ്ങുപോയി രമിക്കയാം, 2
ജാലംപോലാചാരിലോകനാടകം
ലീലപൂണ്ടുകഴിക്കയാം, 3

നാമംകായത്തെപ്പുറം നാമുള്ളെല്ലാം-
നാമമാരാരുനോക്കിയാൽ 4
ക്രൂരവിട്ടനിമിഷവാഴ്ചയിൽ
പോരടിച്ചുമരിക്കയോ, 5
മാറിടാപ്പടിഭോഗവാഞ്ഛകൾ
മാറിലങ്ങിനെപേറുമോ 6
ശാന്തിമംഗളമാത്തുപാടുക
ശാന്തിമംഗളമാടുക; 7
നാടിനാവജീവനോട്ടമിക്കാലം
നാകമാക്കണമുർവ്വിയെ. 8

# ശ്രീ പത്മനാഭസ്വാമിക്ഷേത്രം

## അതിന്റെ പുരാതനത്വം

(എസ്. ശങ്കരയ്യർ അസി. സർവാധികാര്യക്കാർ)

(തുടർച്ച)

അന്നു മിത്രാനന്ദപുരത്തു് ഒരു സഭയും സമഞ്ജിതയും ഉണ്ടായിരുന്നതായി ഈ ശിലാലേഖനത്തിൽ പറയുന്നുണ്ടു്.

വലിയശാല ശിവക്ഷേത്രവളപ്പിൽ കിടന്നിരുന്ന ഒരു കല്ലലകയുടെ രണ്ടുവശത്തും തിരുവിതാംകൂറിലെ ഒരു വിഖ്യാതനായ രാജാവിന്റെ ബിരുദങ്ങൾ കൊത്തിയിരിക്കുന്നു. സംഗ്രാമധീരകുലശേഖരദേവ രവിവർമ്മ മഹാരാജാവു് എന്നാണതു്. ഈ കൽപലക ഈ അടുത്തകാലത്തു് തിരുവനന്തപുരം രംഗവിലാസം കൊട്ടാരത്തിലെ ആർട്ട്ഗ്യാലറിയിൽ കൊണ്ടുപോയി വച്ചിരിക്കുകയാണു്. ഈ രാജപുംഗവന്റെ നിരവധി പുരാണലിഖിതങ്ങൾ കാഞ്ചീപുരം, ശ്രീരംഗം, തിരുവാഴി എന്നീ സ്ഥലങ്ങളിലെ ക്ഷേത്രങ്ങളിൽ കാണുന്നുണ്ടു്. ഇവയിൽനിന്നു് രവിവർമ്മ, കൊല്ലത്തെ മഹാരാജാധിരാജരാജ പരമേശ്വര ജയസിംഹവീരകേരളന്റെ പുത്രനാണെന്നു വെളിവാകുന്നുണ്ടു്. അദ്ദേഹത്തിന്റെ മാതാവു് ഉമാദേവിറാണിയായിരുന്നുവെന്നും അദ്ദേഹം ജനിച്ചതു് ശാകാബ്ദം 1188-നു് ക്രിസ്ത്വബ്ദം 1266—67-ൽ ആയിരുന്നെന്നും കാണാം. മുപ്പത്തിമൂന്നു വയസ്സായപ്പോൾ അദ്ദേഹം കേരളരാജ്യത്തെ ഒന്നാകെ ആക്രമിച്ചു, വീരപാണ്ഡ്യനെ തോൽപിച്ചു, ഒരു പാണ്ഡ്യരാജകുമാരിയെ വിവാഹം ചെയ്തു, പാണ്ഡ്യന്മാരെയും ചോളന്മാരേയും തന്റെ അധികാരത്തിൻകീഴിലാക്കി. നാല്പത്തിആറാമത്തെ വയസ്സിൽ കാഞ്ചീപുരത്തു വേഗവതി നദീതീരത്തുവച്ചു കിരീടധാരണവും നടത്തി. വലിയശാല ശിലാലേഖനത്തിൽ, ഈ രാജാവു് തിരുവനന്തപുരത്തെ ശ്രീ പത്മനാഭസ്വാമിയുടെ ഭക്തനായ ആരാധകനായിരുന്നുവെന്നു പറയുന്നുണ്ടു്. ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ പെരും തിരുവമൃതപൂജാകർമ്മത്തിൽ ശ്രീ പത്മനാഭനു രത്നപായസനിവേദ്യം സമർപ്പിക്കുന്ന രത്നപാത്രമെന്നു പറയുന്ന, തുലോം വിസ്തൃതവും അത്യന്തം കലാവിചിത്രവുമായ സ്വർണ്ണപ്പാത്രം ഈ വിഖ്യാതനായ രാജാവു നടയ്ക്കു വച്ചതാണു്. അതിന്മേൽ "കൊല്ലം 490 അഞ്ചാംവർഷം ഇരവികുലശേഖരപ്പെരുമാൾ" എന്നു കൊത്തിയിരിക്കുന്നു. 'പ്രദ്യുമ്നാഭ്യുദയ'മെന്ന ഒരു സംസ്കൃതനാടകം അദ്ദേഹം രചിച്ചിട്ടുണ്ടു്; അതിന്റെ പ്രസ്താവനയിൽ പറയുന്നതു് ശ്രീ പത്മനാഭക്ഷേത്രത്തിലെ യാത്രോത്സവത്തിനു കളിക്കുവാൻ എഴുതിയതാണതു് എന്നാണു്. ബുദ്ധിവൈഭവവും ഹൃദയനൈർമ്മല്യവും കൂടാതെ വിസ്തൃഭൂഭാഗങ്ങളെ ആക്രമിച്ചടക്കിയെന്നുള്ളതുംനിമിത്തം സംഗ്രാമധീര, കൃപകസാർവഭൗമ, ദക്ഷിണഭോജ, നാമാന്തരകണ്ണ, ധർമ്മതരുമൂലകന്ദ, ധർമ്മരാജാ എന്നിങ്ങനെയുള്ള ബിരുദാവലി അദ്ദേഹത്തിനു ലഭിച്ചിരുന്നു. ഈ രാജാവു പണികഴിപ്പിച്ചതെന്നു വിശ്വസിക്കപ്പെട്ടുപോരുന്ന ശ്രീരംഗത്തിനു സമീപമുള്ള ശ്രീ മുഷ്ണം ക്ഷേത്രത്തിന്റെ മണ്ഡപത്തിൽ "ധർമ്മമഹാരായൻ" എന്നു പേർ കൊത്തിട്ടുള്ള ഒരു ശിലാവിഗ്രഹമുണ്ടു്. അതു സംഗ്രാമധീരന്റെ പ്രതിമയാണെന്നു വിശ്വസിച്ചുപോരുന്നു.

സംഗ്രാമധീരന്റെ പിതാവായ ജയസിംഹവീരകേരളനു് മഹാരാജാധിരാജരാജപരമേശ്വര എന്നൊരു ബിരുദമുണ്ടായിരുന്നതിൽ നിന്നു് അദ്ദേഹം ഒന്നാംകിടയിൽ നിന്നിരുന്ന ഒരു ചക്രവർത്തിയായിരുന്നുവെന്നു കാണാം. ഒരു പക്ഷേ ജയസിംഹമഹാരാജാവിന്റെകാലത്തു തന്നെ, യുവരാജാവായിരുന്ന രവിവർമ്മ, കേരള ചോളപാണ്ഡ്യരാജ്യങ്ങളുടെ ഒരു ഭാഗം ആക്രമിച്ചെന്നു വരാം. കൊല്ലത്തിനു്—കുറേക്കൂടി ശരിയായി പറഞ്ഞാൽ—കൊല്ലം രാജധാനിയാക്കിയിരുന്ന വേണാട്ടിനു്—ദേശിങ്ങനാട്ടു് (ജയസിംഹനാട്ടു്) എന്ന പേർലഭിച്ചതു് ഈ മഹാരാജാവിൽനിന്നുമാണു്.

### പണിത്തരം

പത്മനാഭക്ഷേത്രത്തിന്റെ ഭൂരിഭാഗം ശില്പവും താരതമ്യേന ആധുനികമാണു് ശ്രീകോവിൽ, ക്ഷേത്രസ്ഥാപനകാലത്തേതുതന്നെയാണു്. ചില പരിഷ്കാരങ്ങളും കൂട്ടിക്കെട്ടുകളുമെല്ലാം അനന്തരകാലത്തെ തിരുവിതാംകൂർ ഭരണകർത്താക്കൾ നടത്തിയിട്ടുള്ളതുമാണു്. ഇവയിൽ അഞ്ചെണ്ണത്തിന്റെ പേരു് മതിലകം ഗ്രന്ഥപ്പുരയിൽ സൂക്ഷിച്ചിട്ടുള്ള താളിയോല രേഖകളിൽനിന്നും ശിലാലിഖിതങ്ങളിൽനിന്നും ലഭിക്കുന്നുണ്ടു്. ശ്രീ വീരരാമൻ കേരളവർമ്മയുടെ ഒരു ശിലാലേഖനം ക്ഷേത്രത്തിന്റെ മർവശത്തുള്ള മണ്ഡപത്തിന്മേൽ ഉണ്ടെന്നു പറഞ്ഞുവല്ലോ. അതിൽ കൊല്ലം 384-നു് ക്രിസ്ത്വബ്ദം 1210 എന്നു കാലവുമുണ്ടു്. പഴയ കെട്ടുകളെല്ലാം പൊളിഞ്ഞു നാശമാകുന്നതുകണ്ടു് ശങ്കരനാരായണ ശ്രീ വീരമാർത്താണ്ഡവർമ്മകുലശേഖരൻകൊല്ലം 634—636-നു് ക്രിസ്ത്വബ്ദം 1459—61-ൽ ഒരു വിമാനവും, ചുററുമണ്ഡപവും, ദീപശാലയും പുതുതായിപണികഴിപ്പിച്ചിട്ടുണ്ടു്. ഈ രാജാവുതന്നെ ഒററക്കല്ലുകൊണ്ടു മുഖമണ്ഡപവും പുതുതായി പണിതീർത്തു. എന്നാൽ തിരുവിതാംകൂറിലെ മൂന്നു പുരാതനരാജാക്കന്മാരുടെ പ്രതിമകൾ വച്ചിരിക്കുന്ന മനോഹരമായ അഭിശ്രുവണമണ്ഡപത്തിന്റെ ഇപ്പോഴത്തെ സ്വരൂപത്തിനു കാരണഭൂതൻ ആ രാജാവിന്റെ പിൻവാഴ്ചക്കാരനായിരുന്ന

ണു്. ഈ പ്രതിമകൾ ആരുടേതാണെന്നു് സ്ഥിരമായി അറിയുന്നതുവരെ അവയിൽ രണ്ടെണ്ണം ശ്രീ വീരരാമമാർത്താണ്ഡവർമ്മയുടേതും ശ്രീ വീര ഉദയ മാർത്താണ്ഡവർമ്മയുടേതും ആയിരിക്കണമെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

ആധുനികതിരുവിതാംകൂറിന്റെ നിർമ്മാതാവായ ബാലമാർത്താണ്ഡവർമ്മ കുലശേഖരപെരുമാളും, ശ്രീ പത്മനാഭസ്വാമിക്ഷേത്രത്തിന്റെ ഇപ്പോഴത്തെ സ്വരൂപത്തിനു ഹേതുഭൂതനാണു്. ഒററക്കൽ മണ്ഡപത്തിന്റെ താഴ്‌വശത്തുള്ള ഒരു ഭാഗത്തു കാണുന്ന ലിഖിതത്തിൽ, കുറച്ചു മുമ്പു അഗ്നിക്കിരയായിത്തീർന്നിരുന്ന ക്ഷേത്രത്തിന്റെ പണി പിന്നെയും തുടങ്ങുന്നതിനു തീർച്ചപ്പെടുത്തിയിട്ടു ബാലകാന്താരൻ (തൈക്കാട്ടു ഭട്ടതിരി) എന്ന ബ്രാഹ്മണശില്പിയെ വരുത്തി വിമാനം (ശ്രീ കോവിൽ) തുടങ്ങി ദീപശാല (വിളക്കുമാടം) വരെയുള്ള പണി തീർക്കുവാൻ ആജ്ഞാപിച്ചതായി കാണുന്നു. കൊല്ലവർഷം 904 ആനി 29-ാനു ക്രിസ്ത്വബ്ദം 1778-ൽ പണിതുടങ്ങി ക്രമേണ ശ്രീകോവിൽ, ഒററക്കൽമണ്ഡപം-മഹാമണ്ഡപം, ദിങ്‌മണ്ഡപം, ദീപശാല, അലങ്കാരമണ്ഡപം, അർദ്ധമണ്ഡപം എന്നിവ തീർക്കുകയുണ്ടായി. പത്മനാഭന്റെയും ലക്ഷ്മിയുടെയും, ഭൂമിയുടെയും പരിവാരങ്ങളുടെയും, അനന്തശയനത്തിന്റെയും വിഗ്രഹങ്ങൾ അതിനുശേഷം നിർമ്മിച്ചതാണു്. അവസാനം 908 പങ്കുനിമാസം 3-ാനു കാശന്യാസകർമ്മവും നടത്തി. ശ്രീ ശങ്കുണ്ണിമേനോൻ അദ്ദേഹത്തിന്റെ തിരുവിതാംകൂർ ചരിത്രത്തിൽ പറയുന്നതു് ഈ വിഗ്രഹങ്ങളുണ്ടാക്കുന്നതിനു് പന്തിരായിരം സാളഗ്രാമങ്ങൾ ഉപയോഗിച്ചിട്ടുണ്ടെന്നാണു്. ക്ഷേത്രത്തിന്റെ മുൻവശത്തെ ഗോപുരത്തിന്റെ അസ്തിവാരം മുൻപു ജീവിച്ചിരുന്ന ഒരു രാജാവു കെട്ടിച്ചതായിരുന്നു. കൊത്തുപണിയുടെ ഒന്നാംതരം ചില മാതൃകകൾ കാണാവുന്ന ശ്രീബലിമണ്ഡപവും ഈ മഹാരാജാവു പണികഴിപ്പിച്ചതാണു്.

## ചുവർചിത്രങ്ങൾ.

ശ്രീ പത്മനാഭസ്വാമിക്ഷേത്രത്തിലെ ആകർഷകമായ ഒരു പ്രധാനവിശേഷം, അതിന്റെ പുറമതിലുകളിൽ വരച്ചിരിക്കുന്ന രാമായണം, മഹാഭാരതം, ഭാഗവതം എന്നിവയിലെ കഥാഘട്ടങ്ങളിലുള്ള ചിത്രങ്ങളാണു്. ഈ ചുവർ ചിത്രങ്ങളെക്കുറിച്ചു മുൻപറഞ്ഞ ശിലാലേഖനത്തിൽ ഒന്നും പറഞ്ഞിട്ടില്ലെങ്കിലും മാർത്താണ്ഡവർമ്മ രാജാവിന്റെ രക്ഷാധികാരത്തിൻകീഴിൽ കഴിഞ്ഞിരുന്ന ചിത്രകാരന്മാർ രചിച്ചതാണവ എന്നു വിചാരിക്കാൻ ന്യായം കാണുന്നുണ്ടു്.

കുലശേഖരമണ്ഡപത്തെക്കുറിച്ചു യഥായോഗ്യം പ്രസ്താവിക്കാതെ ശ്രീ പത്മനാഭസ്വാമിക്ഷേത്രത്തിന്റെ ചരിത്രം പൂർണ്ണമാകുന്നതല്ല. അതു നിർമ്മിച്ചതു് മാർത്താണ്ഡവർമ്മ രാജാവിന്റെ അടുത്ത പിൻവാഴ്ചക്കാരനായ ബാലരാമവർമ്മ കുലശേഖരനാണു്. തികച്ചും മലയാളീയ മാതൃകയിൽ തീർക്കപ്പെട്ടിരിക്കുന്ന ഈ ദീർഘചതുരാകൃതിയിലുള്ള ശാല, മനോഹരമായ കൊത്തുപണി ചെയ്തിട്ടുള്ള സ്തംഭങ്ങളുടേയും കലാസുന്ദരമായിത്തീർത്തിട്ടുള്ള പ്രതിമാചിത്രങ്ങളുടേയും ഒരു പ്രദർശനമണ്ഡപംതന്നെയാണു്. നോക്കിയാൽ കാണാവുന്ന എല്ലാവശത്തും പുരാണകഥാഘട്ടങ്ങളും, പുഷ്പലതാമാതൃകകളും, മൃഗമാതൃകകളും കൊണ്ടു് അതു അലങ്കരിച്ചിരിക്കുന്നു. ഇതിനെ ആയിരംകാൽ മണ്ഡപമെന്നും പറയാറുണ്ടു്. അധിഷ്ഠാനം മുതൽ മേൽക്കൂട്ടുവരെ കരിങ്കല്ലിലാണു ഇതു് പണിതിരിക്കുന്നതു്.

ഇത്രയും പറഞ്ഞതിൽനിന്നു ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിന്റെ ചരിത്രം അതിന്റെ ശരിയായ ആരംഭകാലം മുതൽ അറിവാൻ പ്രയാസമാണെന്നു കാണാമെങ്കിലും കിട്ടിടത്രയും തെളിവുകളിൽനിന്നു ക്രിസ്ത്വബ്ദം 6-ാം ശതകത്തിനു മുമ്പുതന്നെ ശ്രീകോവിൽ ഉണ്ടായിരുന്നെന്നു് നിശ്ചിതമായി ഗ്രഹിക്കാവുന്നതാണു്.

(Travancore Information)

അൻപത്തി ആറാംപേജിൽ നിന്നും
(കുറിപ്പുകൾ തുടർച്ച)

യുദ്ധം അവസാനിക്കാൻപോകുന്നില്ല. ഒരു പൊതുശത്രുവിനെ നേരിടുന്നതിനു തയാറായിരിക്കുന്നവർ തങ്ങളുടെയിടയിലുള്ള സകല അസമത്വവും വിസ്മരിക്കേണ്ടതു വിജയത്തിനു അത്യന്താപേക്ഷിതമായിരിക്കെ തെക്കേ ആഫ്രിക്കയിൽ ഇന്ത്യാക്കാരോടു് അറപ്പുതോന്നുന്ന അസമത്വം കാണിക്കുന്ന നയം ആക്ഷേപാർഹവും അപകടകരവുമാണു്. അധർമ്മത്തോടു നേരിടുവാൻ തീർച്ചപ്പെടുത്തിയവർ തങ്ങളുടെ ഇടയിൽ ധർമ്മം പുലത്തുന്നതിനു പ്രത്യേകം നിഷ്കർഷിക്കട്ടെ.

## ഗുരുദേവസംസ്മരണകൾ

നൂറാമാണ്ടു്, ഒരു ദിവസം ശിവഗിരി മഠം പർണ്ണശാലയിൽ ഗുരുദേവൻ വിശ്രമിക്കുന്നു. അടുത്തു പലഭക്തന്മാരും നിൽക്കുന്നു. വടക്കേ മലയാളത്തുള്ള ഒരു പണ്ഡിതൻ ഗുരുദേവദർശനം കഴിഞ്ഞു മടങ്ങുന്നു. അപ്പോൾ അടുത്തുനിന്ന ഒരു ഭക്തൻ ഗുരുദേവരോടു:— അദ്ദേഹം വലിയ ഒരു താർക്കികനാണു്. ശാസ്ത്രങ്ങളൊക്കെയും പച്ചവെള്ളംപോലെ അറിയാം.

ഗുരുദേവൻ:— കൊള്ളാമല്ലോ. കോരിയൊഴിച്ച വെള്ളമോ ഉറവവെള്ളമോ?

ഭക്തൻ:— അതു ടിയന്നു വിവരമില്ല.

ഗുരുദേവൻ:— താർക്കികനാണെങ്കിൽ കുറെ കോരുവെള്ളവും കലരും കാണും.

## മഹദ്വചനങ്ങൾ

1. മഹാപുരുഷന്മാരുടെ ജീവചരിത്രത്തിനു കീഴിലാണു ലോകചരിത്രമെന്നു ഞാൻ വിചാരിക്കുന്നു. കാർലൈൽ

2. നമ്മെപ്പോലെ എല്ലാപേരും ജീവിച്ചാൽ ഈ ലോകം സ്വർഗ്ഗതുല്യമായിത്തീരണം; ആ തരത്തിലുള്ള ഒരു ജീവിതമാണു നാം സ്വീകരിക്കേണ്ടതു്.

എൽ. എം. ഷെഫേർഡ്.

3. ഒരു നേതാവിനു് ഒരിക്കലും ധർമ്മഭ്രംശം വരാവുന്നതല്ല. ആത്മത്യാഗപ്രതിപത്തി തെളിച്ചുകാണിക്കുകയും ആപൽസന്ധികളിൽ ധീരരിൽ ധീരനായി വർത്തിക്കുകയും ചെയ്യേണ്ടതു് അയാളുടെ പ്രത്യേകകർത്തവ്യമാകുന്നു. മുസ്സോളിനി.

# ദിവ്യദർശനം

സ്വാമി മംഗലാനന്ദ

I

ഒരു വസന്ത നിശീഥത്തി,ലെങ്ങുമേ
കളിർ നിലാവൊളി വാർന്നു പരന്നിടും
വിജനമാമൊരു കാനനഭൂവിലെ
രുചിരമാം കൊച്ചരുവിതൻ തീരത്തിൽ,
ജല തരംഗങ്ങൾ നർമ്മങ്ങൾകൊഞ്ചുമ്പോൾ
പുളകം പൂണ്ടന്ന വെള്ളാരമ്പാറമേൽ,
മട്ടമലർ നിര കോർത്തു തീർത്തുള്ളതാം
കടകകേയൂരഹാരങ്ങൾ ചാർത്തിയും,
ചരണ താരണ നീട്ടിക്കളിർ നിരിൽ
തരള ലീല തുടർന്നും സരസയായ്,
ഉഡുവിൽ നിന്നു മൃഡുവിലെക്കൂഗാന-
മിടമുറിയാതെ ചെന്നാലയുക വിധം
മണി വിപഞ്ചിക മീട്ടി വിമോഹന-
മധുരരാഗമതിർത്തും മനോജ്ഞയായ്,
ഗഹനരാഗപീയൂഷലഹരിയിൽ
ഇഹപരങ്ങൾ മറന്നും നിലീനയായ്,
ഒരുവൾ— മൻ മനോഹാരിണിയാരിതേ!
സുരവരാരാധ്യസൗന്ദര്യശാലിനി?
മറവിൽ നിന്നു തൽ സൗഭാഗ്യമാധുരി
നിറയവേ മന്നവിച്ചീടിനേൻ.
നിരുപമാനന്ദ തുന്ദിലമായൊരെൻ
ഹൃദയതന്ത്രിയിൽ കൈവിരലാടിച്ചു
സുരുചിരേ, നിന്റെ വീണതൻ കമ്പിയിൽ
നടനമാടിയ നിൻ ഹൃദയാനന്ദം
ഇലകളന്യോന്യമെന്തോ മുരളുന്നു,
നവമലർ നിന്നു പുഞ്ചിരി തൂകുന്നു,
മൃദുസമീരണൻ നിശ്വാസമാളുന്നു,
നിലമറന്നു മയങ്ങി ഞാൻ നില്ലയായ്

II

ഇടിമുഴക്കം, മിന്നും, കൊട്ടങ്കാററിൻ
കൊടിയൊരാരവം—മെന്നെയുണർത്തുന്നു.
ഉണരവോരേവമില്ലെ ഒട്ടങ്കാട്ടി-
ലണി നിരന്ന ഭയങ്കരരൂപികൾ
കാലമാല കപാലക കുണ്ഡലം
ചുടലനിർ നിണം തോരാത്ത തോലുകൾ
ഇവയണിഞ്ഞൊരു നൂറായിരം വരു-
ന്നവരതിഘോര മാർത്തു വിളിക്കുന്നു;
നടുവിൽ നിൽക്കുന്നു നാവും കടിച്ചതേ—
വടവി, ലെന്നാലതിലേറെ രൗദ്രമായ്,
കനൽ ചിതറുന്ന കണ്ണും മിഴിച്ചെന്റെ
വിനകളാകാര മാർന്നതു രാത്രി,
കരപരിഘത്തിൽ ഘോരഘോരമതൊരു
നരശിരസ്സും വഹിച്ചൊരു ഭീകരി
അവളെ ഞാനൊരു മട്ടൊന്നു നോക്കിയെൻ
'തെകള'യിന്നും തുടിക്കുന്നോർക്കുമ്പോൾ:
കട്ടകട്ടാ വാർന്നൊഴുകുന്നു ചൂടെഴും
കരുനിണം കടവായിൽ നിന്നാറുപോൽ;
പിടയുന്നുണ്ടൊരു നിർഭാഗ്യകായമ-
ക്കൊടിയസത്വത്തിൻ കാൽച്ചുവിട്ടേററഹോ.
ഒരു നെടുവീർപ്പു വിട്ടു ഞാൻ, നോക്കവേ—
മുകിലെത്തിയാ ഭീകര രൂപിണി

ചരണ പീഡന മേററു കഴൽത്താര-
പ്പിണസമാനനയും വെടിഞ്ഞിട്ടടൻ.
ഒട്ടവിലത്തെ നിശ്വാസവുമിട്ടുകൊ-
ണ്ടടികളിൽ പണിഞ്ഞിട്ടവാൻ വെമ്പുമെൻ
കരയുഗളം പിടിച്ചെഴുന്നേൽപ്പിച്ചു
നിറുകയിലൊന്നു ചുംബിച്ചു നിന്നവൾ.
ഒരുവിധത്തിൽ 'മുഖമെന്നുയർത്തിയാ
മരണരൂപത്തെ നോക്കി ഞാ....നത്ഭുതം:
കർതളിരിൽ വിപഞ്ചിക, കാഞ്ചന-
വര രുചിരം കിരീടം ശിരസ്സിങ്കൽ
മട്ട മലർകളാൽ തീർത്തണിഞ്ഞുള്ളൊരു
കടകകേയൂര, മിങ്ങനെ ഭംഗിയിൽ
ലളിത—അവനദേവത - യെൻകര-
മുകുളവു മാർന്നു നിൽക്കുന്നു ശർമ്മദാ!

# പ്രേമാരാമം

ശ്രീ. ജെ. തങ്കമ്മ

നെഞ്ചകംകളിത്തിട്ടമാരോമനപ്പുഞ്ചിരിതൂകി
സഞ്ചിതാമേണയുന്ന പിഞ്ചുതോഴരേ;
സഞ്ചരിക്കാംനമുക്കൊന്നീയഞ്ചിതപ്രേമാരാമത്തിൽ
സഞ്ചയിക്കാംസുരലഭിലാനന്ദസൂനങ്ങൾ
പാവനസൗഹാർദ്ദമാകും യാനപാത്രമേറിമന്ദം
ഭാവനതൻപുണ്യഭൂവിൽ പറന്നുചെല്ലാം
ജീവിതത്തിൻ നാരകീയയാതനകൾ മറന്നുനാം
ദ്യോവിലെത്തിക്കഴിഞ്ഞുപോയ്, കളയുഭീതി.
തീണ്ടുകില്ലനമ്മെയിങ്ങു ജാതിഭേദദുരാചാരം
ഇണ്ടലണയ്ക്കില്ലഭിന്നമത ചിന്തകൾ,
കണ്ടകംനിറഞ്ഞലോകനീതിനമ്മെവളയില്ല
ശണ്ഠയില്ല, സ്പർദ്ധയില്ല, സന്താപമില്ല
വിണ്ടലത്തിലുയർന്നുഭ്രമണ്ഡലത്തെക്കണ്ടുകൊണ്ടു
വണ്ടുകൾപോൽ പറക്കാമീമലർവാടിയിൽ.
വേണ്ടുവോളമാനന്ദത്തിൻ മരന്ദംനുകരാം രാഗ
തണ്ടാർനിരപുഞ്ചിരിക്കും സരസ്സിൽനീന്താം
കാറലപോലെഗമിയ്ക്കാം പൂമ്പാററപോലെ
വിഹരിക്കാം
കാററിലാട്ടംചെടികൾപോൽ പൊങ്ങാട്ടിനിൽക്കാം
മാററമെന്യേലതകളായ് സ്നേഹവിശാലങ്ങളുടെ
ഉററമാന്നതരുക്കളിൽ പടർന്നുകേറാം
ദിവ്യസ്വാതന്ത്ര്യമാം നവ്യചന്ദ്രശാലമുകളേറി
ഭവ്യപവനന്മേററു സല്ലപിച്ചിടാം
യൗവന ചാപല്യംവിട്ടു ശിശുക്കൾപോൽ
വിശുദ്ധരായ്
ഭാവശുദ്ധി നൽകും കളിരൊളി നുകരാം
പരിഹസിക്കട്ടെലോകം പഴിക്കട്ടെ പലവിധം
ചൊരിയട്ടെയപവാദശരനിരകൾ
നിരഘമാംസ്നേഹത്തിന്റെ മലർത്തോപ്പിൽ
മരുവുംനാം
ചിരിക്കണ്ണുലകിന്റെയന്ധതനോക്കി
തിരികെല്ലപാടങ്ങൾനിങ്ങൾപിന്നോട്ടേയ്ക്ക സഹജരേ
ചരിക്കുമുന്നോട്ടുതന്നെ കർമ്മധീരരായ്
ഭാരതീയാദർശങ്ങൾക്കു മണിദീപമായി മിന്നും
ചാരിത്ര്യശുദ്ധിതളിക്കും മംഗളമാർഗ്ഗം

# സാത്താന്മാർ പറഞ്ഞ കഥ

[കഴിഞ്ഞലക്കങ്ങളിലെ കഥാസംക്ഷേപം]
പിശാചരാജനായ ബീൽസെബബ്, ക്രിസ്തുവിൻെറ ധർമ്മം പ്രചരിക്കുന്നതുകൊണ്ടു് വിഷാദിച്ചു് നരകത്തിലേക്കു മടങ്ങിവന്ന ഭൃത്യന്മാരായ പിശാചുക്കളെ കാര്യങ്ങൾ അറിയിക്കുന്നു. ഒരുവൻ നേതാവിനെ ആശ്വസിപ്പിച്ചു. അവർ നരകം വീണ്ടെടുക്കാനുള്ള ഉപായങ്ങൾ പ്രയോഗിച്ചു കഴിഞ്ഞെന്നും അതിനു സഭയെന്നൊരു വിദ്യ കണ്ടുപിടിച്ചെന്നും സഭയിലുൾപ്പെട്ടവർ ക്രൈസ്തവധർമ്മത്തെ തെററായി പഠിപ്പിച്ചു തങ്ങളെ സഹായിക്കുവാൻ പല മാർഗ്ഗങ്ങളും പ്രയോഗിക്കുന്നുണ്ടെന്നും പറയുന്നു. ഈ മാർഗ്ഗങ്ങൾ ഒന്നാമത്തേതു് സത്യത്തോടു് സത്യാഭാസങ്ങൾ ചേർത്തു പഠിപ്പിക്കുക. രണ്ടാമത്തേതു് സത്യംവെളിപ്പെടുത്തുന്നവരെ കൊല്ലുക. അവർ പിന്നെയും കഥ തുടരുന്നു.

"ഇനി മൂന്നാമത്തെ വിദ്യയാണു്. സഭയെന്നു പറയുന്നതു് അവർതന്നെയാണെന്നും അക്കാരണത്താൽ അവർക്കു പിഴവരികയില്ലെന്നും സ്ഥിരപ്പെടുത്തിയിട്ടു (അവർക്കു തോന്നുമ്പോൾ മാത്രം) അവർ ഉപദേശിക്കുവാനും തുടങ്ങി. വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നതിനു നേരെ വിരുദ്ധമായിട്ടാണു് ഉപദേശങ്ങൾ. ശിഷ്യന്മാർ ഈ വൈരുദ്ധ്യങ്ങളെല്ലാം ഇഷ്ടമുള്ളതുപോലെയും കഴിയുന്നതുപോലെയും വ്യാഖ്യാനിച്ചു ഗ്രഹിച്ചുകൊള്ളണമെന്നു വച്ചു് വിട്ടുകൊടുത്തിരിക്കുകയാണു്. ഒരു ഉദാഹരണം പറയാം: "വേദപുസ്തകത്തിൽ പറയുന്നു; ഭൂമിയിൽ ആരെയും നിങ്ങളുടെ പിതാവു് എന്നു വിളിക്കരുതു്; ഒരുത്തൻ അല്ലോ നിങ്ങളുടെ പിതാവു് സ്വർഗ്ഗസ്ഥൻ തന്നെ" എന്നാൽ അവർ പറയുന്നു, ഞങ്ങൾ മാത്രമാണു് പിതാക്കന്മാർ; ഞങ്ങൾ മാത്രമാണു മനുഷ്യരുടെ ഗുരുക്കന്മാരും എന്നു്. പിന്നെയും വേദപുസ്തകത്തിൽ "നീയോ പ്രാർത്ഥിക്കുമ്പോൾ നിൻെറ അറയിൽ കടന്നു വാതിലടച്ചു രഹസ്യത്തിലുള്ള നിൻെറ പിതാവിനോടു് പ്രാർത്ഥിക്ക; രഹസ്യത്തിൽ കാണുന്ന നിൻെറ പിതാവു നിനക്കു പ്രതിഫലം തരും" എന്നു പറയുന്നു. എന്നാൽ അവർ പഠിപ്പിക്കുന്നതു്, എല്ലാവരും പള്ളിയിൽ കൂട്ടംചേർന്നു 'പാട്ടും സംഗീത'വുമായി പ്രാർത്ഥിക്കണമെന്നാണു്. ഇതുംകൂടാതെ സത്യവേദപുസ്തകത്തിൽ പറയുന്നുണ്ടു് "നിങ്ങൾ പ്രതിജ്ഞ ചെയ്യുകയേ അരുതു്." അക്കൂട്ടരാണെങ്കിൽ സഭാധികാരികൾ ആവശ്യപ്പെടുന്നതു സശിരഃകമ്പം അനുസരിച്ചു കൊള്ളാമെന്നു എല്ലാവരും സത്യപ്രതിജ്ഞ ചെയ്യണമെന്നു പറയുന്നു. പിന്നെയും "നീ കൊലചെയ്യരുതെന്നു വേദപുസ്തകം; നിയമപ്രകാരം കൊല്ലാമെന്നും കൊല്ലണമെന്നും അക്കൂട്ടർ. അതുതന്നെയുമല്ല "എൻെറ ഉപദേശം ചൈതന്യവും ജീവനുമാകുന്നു. നിങ്ങൾ അപ്പത്തെ എന്നപോലെ അതു ഭക്ഷിച്ചു ജീവിച്ചുകൊൾക" എന്നു് വേദപുസ്തകത്തിൽ പറയുമ്പോൾ അക്കൂട്ടർ ഉപദേശിക്കുന്നതു് അപ്പക്കഷണങ്ങൾ വീഞ്ഞിൽമുക്കി അതിന്മേൽ ചില പ്രത്യേകവാക്കുകൾ ഓതിക്കഴിഞ്ഞാൽ അപ്പം മാംസമായും വീഞ്ഞു് രക്തമായും തീരുമെന്നും ഈ അപ്പവും വീഞ്ഞും കഴിച്ചാൽ ആത്മാവിൻെറ മുക്തിക്കു് അതു വളരെ സഹായകമായിരിക്കുമെന്നുമാണു്. മനുഷ്യർ ഇതു വിശ്വസിച്ചു വളരെ ഉത്സാഹത്തോടുകൂടി വീഞ്ഞിൽ മുക്കിയ അപ്പം കഴിക്കുന്നു. അതിൽ പിന്നീടു് അവർ നമ്മുടെ കൈയ്യിലകപ്പെടുമ്പോൾ മാത്രമാണു് ഈ അപ്പക്കഷണങ്ങൾ അവരെ സഹായിച്ചില്ലെന്നു് അത്ഭുതപ്പെടുന്നതു്"—ഇങ്ങനെ പറഞ്ഞശേഷം ആ കറുത്ത സാത്താൻ കണ്ണുരുട്ടി മിഴിച്ചുകൊണ്ടു ഒരു കാതുമുതൽ മറെറക്കാതുവരെ എത്തത്തക്കവണ്ണം വായ് വിടർത്തി ഒന്നിളിച്ചു.

"അളു് അസ്സലായി" ബീൽസെബബ് പുഞ്ചിരിതൂകിക്കൊണ്ടു് പറഞ്ഞു. ഉടനെ ചെകുത്താന്മാരെല്ലാവരും ചേർന്നു് ഉറക്കെ പൊട്ടിച്ചിരിച്ചു.

## VI

ആഹ്ലാദഭരിതനായിത്തീർന്ന ബീൽസെബബ് വീണ്ടും ചോദിക്കയായി

"മുമ്പു കഴിഞ്ഞതുപോലെ തന്നെ ഇനിയും എല്ലാം വന്നു ചേരുക സാധ്യമാണോ? വ്യഭിചാരികളും കൊള്ളക്കാരും കൊലപാതകികളും ഇനിയും ഉണ്ടുന്നോ?"

സന്തോഷസ്മിതരായ ചെകുത്താന്മാരെല്ലാവരും കൂടി തങ്ങളുടെ സാമർത്ഥ്യം യജമാനനെ ഒന്നു കാണിക്കണമെന്ന ആത്യാകാംക്ഷകൊണ്ടു ഇങ്ങനെ വിളിച്ചുപറവാൻ തുടങ്ങി.

ഒരാൾ: —

മുമ്പത്തെപ്പോലെയെന്നു തന്നെയോ അതിലും വളരെയധികം വർദ്ധിച്ചുകഴിഞ്ഞിരിക്കുന്നു.

മറെറാരുവൻ ഉറക്കെ: —

"പഴയ വകുപ്പിൽ കൊള്ളാത്തവിധം വ്യഭിചാരികൾ വർദ്ധിച്ചുവശായിട്ടുണ്ടു്.

മൂന്നാമൻ:- കൊള്ളക്കാരൊക്കെ പണ്ടത്തേക്കാൾ ശക്തന്മാരായിക്കഴിഞ്ഞിട്ടുണ്ടു്.

"കൊലപാതകികൾക്കിപ്പോൾ ചരക്കു കിട്ടാതായിത്തീർന്നിട്ടുണ്ടു്. നാലാമൻ അലറി.

"ഛേയ്", എല്ലാവരും കൂടി ഒന്നിച്ചു പറയണ്ട. ഞാൻ ചോദിക്കുന്നയാൾ മാത്രം ഉത്തരം പറഞ്ഞാൽ മതി" ബീൽസെബബ് തടഞ്ഞു. "ആരാണു് വ്യഭിചാരത്തിൻെറ കാര്യംനോക്കുന്നതു്. മുന്നോട്ടു മാറി നിൽക്കട്ടെ. ഭാര്യയെ മാററരുതെന്നും സ്ത്രീകളെ കാമവികാരത്തോടുകൂടി നോക്കരുതെന്നും ഉപദേശിച്ചയാളിൻെറ ശിഷ്യന്മാരെ നിങ്ങൾ എങ്ങനെയാണു തിരിക്കുന്നതെന്നറിയട്ടെ. ആരാണു വ്യഭിചാരകാര്യം നോക്കുന്നതു്?"

പെൺകോലത്തിലുള്ള ഒരു തവിട്ടുനിറക്കാരൻ മുന്നോട്ടു നീങ്ങി. വഴുവഴുത്ത മുഖം. ചവച്ചു ചവച്ചിളക്കിക്കൊണ്ടിരിക്കുന്ന വായിൽ നിന്നു വായ്നീരൊലിക്കുന്നു. അവൻ മുട്ടിലിഴഞ്ഞു വന്നു് ബീൽസെബബിൻെറ മുമ്പിൽ കുത്തിയിരുന്നു. "ഞാനാണു്" അവൻ പറഞ്ഞു. തല ഒരു വശത്തേക്കൊന്നു തിരിച്ചു",

# ആത്മനാഥൻ

വെട്ടൂർ എസ്. രാമൻ നായർ

"ആരെന്നോ? കൊള്ളാം, മദ്ദേവിനിന്നിൽ
ചേതം പരിമളപൂരമല്ലേ:
നീയാകം നീ ഹാരബിന്ദുവിങ്കൽ
രാഗാഭപൂശുന്ന രശ്മിയല്ലേ."

"ആരാകിലുമപ്രഭാവതിയാ-
മാരോമലെന്നിലലിഞ്ഞുപോയി;
ഞങ്ങളിരുവരുമിന്നിമേലിൽ
തങ്ങളിൽ വേർപെടില്ലൊന്നുകൊണ്ടും"

"എന്നുമീപ്രേമസരിത്തിലിത്ഥം
മുങ്ങിക്കഴിയുവാനാകമെന്നോ?"

"ജ്ഞാനപ്രകാശപ്രചോദനത്താ-
ലാനന്ദലോലനായ് തീർന്നിത്യം."

"എങ്കിലെന്താണിന്നു തെല്ലുശോക-
പങ്കിലമാകുവാൻ നിൻവദനം?"

"എന്നുടേതെങ്കിലുമെങ്ങവളെ-
ന്നൊന്നും തിരിവതില്ലെന്നുകൊണ്ടോ!
യോഷതൻ പ്രേമമധുരമാകം
ഭാഷയെനിക്കറിയാവതല്ല."

"ചഞ്ചലമാണിപ്രപഞ്ചമെന്നായ്
നെഞ്ചിടിപ്പാലവളോതിടുന്നു.
മഞ്ജുളമാകമിക്കായകാന്തി
മഞ്ഞുപോൽ മാഞ്ഞുമറയുമല്ലോ
മോഹനാകാരാ ഭവാനിൽ നിന്നാ
മോഹനസ്വപ്നമകന്നുപോമേ"

"എന്നെപ്പിരിഞ്ഞവളെങ്ങുപോവാ-
നന്യമാമേതുനികുഞ്ജകത്തിൽ?"

"എങ്ങാനിരഘനിഗ്രദ്ധതയി-
ലംഗനയ്ക്കുങ്ങുണ്ടൊരാത്മനാഥൻ"

"പിന്നെന്തിനീമഞ്ജുതുള്ളിയില-
പ്പൊന്നൊളി പൂശിപ്പുലർന്നിടുന്നു?"

"ഇന്നും തിരയുകയാണവളാ
പുണ്യത്തിടമ്പിനെയെങ്ങുമെങ്ങും
നീയൊരുദാസനാണായവർക്കാ-
നീട്ടററനിർവാണയാത്രകളിൽ."

"ജ്ഞാനാമനോഹാരിയായദിവ്യ
ഗാനംപൊഴിയുന്ന വീണയല്ലേ?
പിന്നെയുമെന്നെ പിരിഞ്ഞുപോവ-
തന്യായമാണെന്നറിഞ്ഞുകൂടേ?"

"അദ്ദിവ്യജ്യോതിസ്സിലിത്രനാളാ-
യൊട്ടിനിൽക്കുന്നതേ നിൻെറ ഭാഗ്യം."

"ആകട്ടെയേതൊരു സങ്കേതത്തി
ലാമനോ മോഹനൻ വാണിടുന്നു?"

"എങ്ങെന്നറിക്കുടാക്കമിന്നാ-
ത്തുംഗപ്രതാപപ്രഭാനിലയം
അന്തിത്തുടിപ്പിലനശ്വരസാര—
മന്തരിക്ഷത്തിൽ തെളിഞ്ഞുകാണാം,
ശാരദവാനിലപ്രേമലേഖം
താരാലിപിയാൽ രചിച്ചുകാണാം
നർമ്മസല്ലാപമക്കുഞ്ഞുകാററിൻ
മർമ്മരംതന്നിലുയന്നു കേൾക്കാം."

"എങ്കിലുമെന്നും കൃതാർത്ഥനാണ-
ത്തങ്കക്കിനാവിൻ നിനവിനാൽഞാൻ
അക്കൊച്ചുരുവിയപാരതയി-
ലെത്തുന്നതെന്നിലൂടായിരിക്കാം.
ഓമനിക്കുംഞാനതിനെയപ്പോ-
ന്നോമനസ്വപ്നം മറയുവോളം."

—❖—

ചടപിടിച്ച് വാൽ കാലുകൾക്കിടയിൽ മടക്കിവച്ചിരുന്നുകൊണ്ട് ഒരു ഈരണത്തോടുകൂടി അവൻ പറയുകയാണ്. "ആ പഴയസമ്പ്രദായം തന്നെയാണ് ഞങ്ങൾ തുടർന്നുപോരുന്നത്: നമ്മുടെ അധികാരത്തിന് കീഴിൽ മാനവരാശിയെ മുഴുവൻ മുട്ടുകുത്തിക്കുവാൻ ഞങ്ങളുടെ പിതാവും അധിപതിയുമായ അങ്ങ് അനുവദിച്ചു ആ പഴയസമ്പ്രദായം. പുതുതായി ഒരു സഭാരീതി കൂടി ഞങ്ങൾ അംഗീകരിച്ചിട്ടുണ്ട്. ഈ സഭാരീതിയിൽ ഞങ്ങൾ മനുഷ്യർക്ക് ഒരു പ്രേരണ കൊടുക്കുന്നുണ്ട്. യഥാർത്ഥവിവാഹം സ്ത്രീപുരുഷൈക്യമെന്ന ബന്ധത്തിലല്ല സ്ഥിതിചെയ്യുന്നതെന്നും നല്ല ഒന്നാംതരമായി കെട്ടിയൊരുക്കി വലിയ ഒരു മണിമന്ദിരത്തിൽ പ്രവേശിച്ച് പ്രത്യേകം ഈ സന്ദർഭത്തിലേക്കു തയാർ ചെയ്തിട്ടുള്ള തലപ്പാവുമണിഞ്ഞു അവിടെ പാടുന്ന പാട്ടിനൊപ്പിച്ചു ഒരു ചെറിയ മേശയ്ക്കു ചുററം മൂന്നുപ്രാവശ്യം വലത്തുവയ്ക്കുന്നതിലാണു യഥാർത്ഥബന്ധം സ്ഥിതിചെയ്യുന്നതെന്നും ഞങ്ങൾ അവരെ വിശ്വസിപ്പിച്ചു. ഇതുമാത്രമേ ശരിയായ വിവാഹമാകു എന്നു അവർ വിശ്വസിച്ചും കഴിഞ്ഞു.

ഇതുനിമിത്തം ഇപ്രകാരം ചടങ്ങുകളില്ലാത്ത ബന്ധങ്ങളെല്ലാം മനുഷ്യന്റെ ദേഹവും ഭോഗതൃഷ്ണയെ പൂരിപ്പിക്കാനുള്ള ബന്ധം മാത്രമാണെന്നും അവർ കരുതുകയും അതേസമയം ഭോഗതൃഷ്ണ ശമിപ്പിക്കുവാൻ തോന്ന്യാസങ്ങൾ വേണ്ടതു കാട്ടുകയും ചെയ്യുന്നുണ്ട്. ഇത്രയും പറഞ്ഞിട്ട് ആ വഴവഴുത്ത മുഖം തിരിച്ച് പെൺകോലക്കാരൻ മൗനം ഭജിച്ചിരിപ്പായി. ബിൽസെബബ് എങ്ങനെയാണു ഇതിനെക്കുറിച്ചു വിചാരിക്കുന്നതെന്നറിവാനായിട്ടുള്ള മട്ടിലായിരുന്നു അവന്റെ, അപ്പോഴത്തെ ആ മൗനം.

(തുടരും)

ടാൾസ്റ്റായി.—സ്വതന്ത്രഭാഷാനുവാദം
By സ്വാമി മംഗലാനന്ദ.

സാഹിത്യകതുകികളുടെ സുവർണ്ണാവസരം!

# "ചന്ദ്രിക"

കേരളത്തിലെ കേൾവികേട്ട സാഹിത്യനായകരുടെ ഹൃദയഗ്രന്ഥങ്ങളുടെ ഒരു സമാഹാരം;

ലേഖനങ്ങൾ:—1. എം. പി. പോൾ എം. ഏ. സതി. 2. പി. അനന്തൻപിള്ള എം. ഏ. കുഞ്ചന്റെ കൃതികൾ. 3. പി. ദാമോദരൻപിള്ള ബി. ഏ. സമുദായവും വിദ്യാഭ്യാസവും. 4. വക്കീൽ പി. മാധവൻ. മനസ്സും ശിരസ്സും. 5. സി. നാരായണപിള്ള ബി. ഏ, ബി. എൽ. രണ്ടും പ്രചരണമാണ്. 6. കാപ്പിൽ കെ. പി. കേശവൻ ബി. ഏ, ബി. എൽ. കലയിലെ പകർപ്പും സൃഷ്ടിയും. 7. വക്കം എം. അബ്ദുൽഖാദർ. ചങ്ങമ്പുഴയുടെ തൂലികാചിത്രം. 8. കെ. കാർത്തികേയൻ എം. ഏ. 'മാറൊലി'—നിരൂപണം. 9. ഡി. പത്മനാഭൻ ഉണ്ണി എം. ഏ. കവിതാവാസന.

കവിത:—മഹാകവി പള്ളത്തു്, ത്യാഗത്തിന്റെ രക്തവേദിയിൽ. 2. എം. പി. അപ്പൻ എം. ഏ., എൽ. ററി. പശ്ചാത്തലം. 3. പട്ടം ഗോപാലൻനായർ ബി. ഏ., ബി. എൽ. 4. കിളിമാനൂർ എൻ. കേശവൻ. 5. മുതുകുളം പാർവതിഅമ്മ. 6 കവികോകിലം കെ. കെ രാഘവപ്പണിക്കർ 7. വടക്കുംകൂർ അംബികത്തമ്പുരാട്ടി. 8. ററി. എൻ. ഗോപിനാഥൻനായർ ബി. ഏ. 9. നാലാങ്കൽ കൃഷ്ണപിള്ള എം. ഏ., എൽ. ററി. 10. പാലാ നാരായണൻനായർ, 11. മേരി ജാൺ കൂത്താട്ടുകുളം. 12. സി. ഐ. ഗോപാലപിള്ള എം. ഏ.

വൈക്കം മുഹമ്മദുബഷീർ, തകഴി ശിവശങ്കരപ്പിള്ള, കെ. സരസ്വതിഅമ്മ ബി. ഏ. തുടങ്ങിയ എണ്ണപ്പെട്ട ആറു ചെറുകഥാകൃത്തുകളുടെ ചെറുകഥകൾ.

ഇവക്കുപുറമേ, 20-ൽപരം പ്രൗഢലേഖനങ്ങളോടും 10-ൽപരം കവിതകളോടും 4-ൽപരം ചെറുകഥകളോടും കൂടിയ 'ചന്ദ്രിക' പ്രതീക്ഷിക്കുക. വാങ്ങി വായിക്കുക. ഏജൻറന്മാക്കു ന്യായമായ കമ്മിഷൻ. 25 ശതമാനം മുൻകൂറായി അടച്ചു് വി. പി. യ്ക്കു് ആവശ്യപ്പെടുക.

മാനേജർ, 'ചന്ദ്രിക' കടയ്ക്കാവൂർ.


## 1120-ലെ ചതയംതിരുനാൾ, മഹാസമാധിദിനം ഇവ സംബന്ധിച്ചു കിട്ടിയ സംഭാവനകൾ

| | | | | | |
|---|---|---|---|---|---|
| 1 | ശ്രീ. | ആർ രാഘവൻ ബി. ഏ., ബി. എൽ. പേട്ട, തിരുവനന്തപുരം | 3 | 0 | 0 |
| 2 | ,, | എ. കെ. സാമിക്കുട്ടി നാലാംഗേററ്, കോഴിക്കോട്ട് | 5 | 0 | 0 |
| 3 | ,, | വയോളി അനന്തൻ. പ്രൊപ്രൈററർ, കെ. പി. നിലാംബിക ആൻറ് സൺസ്; കോഴിക്കോട്ട് | 5 | 0 | 0 |
| 4 | ,, | കൊററിയത്തു എൻ. കുഞ്ഞമ്പു റിട്ട. പോസ്റ്റ്മാസ്റ്റർ കണ്ണൂർ | 2 | 0 | 0 |
| 5 | ,, | ഈച്ചമ്പി പത്മനാഭൻ, പണ്ടാരവിളവീട്, പെരുമ്പഞ്ചേരി, കിളികൊല്ലൂർ, കൊല്ലം | 1 | 14 | 0 |
| 6 | ,, | പ്രസിഡൻറ് ഇടയ്ക്കാട്ട് ദേവസ്വം, മംഗളം, തൃക്കുന്നപ്പുഴ | 6 | 0 | 0 |
| 7 | ,, | സി. കോരൻ, റിട്ട. ഇഞ്ചിനീയർ കണ്ണൂർ | 5 | 0 | 0 |
| 8 | ,, | കെ. ആർ, ശങ്കരൻ, കോടിമത, കോട്ടയം | 15 | 0 | 0 |
| 9 | ,, | കെ. എ. രാഘവൻ തെക്കുംകര, കരുപ്പടന്നാ ആയ്യമ്പിള്ളി, കൊച്ചി | 15 | 0 | 0 |
| 10 | ,, | മാനേജർ S. N. V. ഓട്ടുകമ്പനി, ആലുവാ | 10 | 0 | 0 |
| 11 | ,, | ഡാക്ടർ വാസുദേവൻ, ടി. ബി. ഹോസ്പിററൽ, നാഗർകോവിൽ | 5 | 0 | 0 |
| 12 | ,, | എം. ആർ. മേനോൻ, റെയിൽവെ കൺട്രാക്ടർ തൃശ്ശൂർ | 10 | 0 | 0 |
| 13 | ,, | നാരകശ്ശേരിൽ എസ്. കൃഷ്ണൻ, ടിമ്പർമർച്ചൻറ്, കല്ലായി, കോഴിക്കോട്, | 10 | 0 | 0 |
| 14 | ,, | ഡാക്ടർ പി. വാസുദേവൻ, ഡി. ഹോസ്പിററൽ, ചിറയിൻകീഴ് | 3 | 0 | 0 |
| 15 | ,, | പി. കൊച്ചുശാന്തി, എം. കെ. കുമാരൻശാന്തി, സി. കെ. മാധവൻശാന്തി, കണ്ണൂർ | 7 | 0 | 0 |
| 16 | ,, | എൻ. ചിദംബരപ്പണിക്കർ, S. N. V. ബംഗ്ലാവ്, കോവളം | 1 | 0 | 0 |
| 17 | ,, | പി. കേശവപ്പണിക്കർ, സെക്രട്ടറി, S N D. P. യൂണിയൻ, കോട്ടയം | 10 | 0 | 0 |
| 18 | ,, | കൊച്ചുരാമൻ വൈദ്യൻ സ. ഗ്രാൻറവൈദ്യശാല, ഓച്ചകെട്ടിയമ്പലം | 5 | 0 | 0 |
| 19 | ,, | മാധവിഅമ്മ, 12-ാം മംഗലത്തു്, പിറവത്തു്, പത്തനാപുരം | 2 | 0 | 0 |
| 20 | ,, | പത്മനാഭൻ, കാവുമ്പളത്തിൽ, ശക്തികുളങ്ങര, നീണ്ടകര | 1 | 0 | 0 |

(തുടരും)

(ഖജാൻജി)

ശിവഗിരിമഠം,
വർക്കല.

Reg. No. T. 26 License No. 363/37

# THE NAVAJEEVAN

One Caste One Relegion One God for Humanity

Sivagiri Varkala. 15th Nov: 1944.

## നവജീവൻ

### ഒരു സ്വാതന്ത്ര്യ പ്രതിപക്ഷപത്രിക

ഇൻഡ്യയുടെ നാനാഭാഗങ്ങളിലും പുറമേയും വളരെ പ്രചാരമുള്ളത്.

കേരളത്തിലെ മതപണ്ഡിതന്മാരുടേയും സാഹിത്യനായകന്മാരുടെയും മററും അനുകരണീയവും ആദർശപരവുമായ നല്ല നല്ല ലേഖനങ്ങൾ എല്ലാലക്കങ്ങളിലും ഉണ്ടായിരിക്കും.

മനുഷ്യന് ആവശ്യമുള്ള മതസിദ്ധാന്തങ്ങളേയും സാഹിത്യമർമ്മങ്ങളേയും ശാസ്ത്രങ്ങളേയും പ്രതിപാദിക്കും.

### സർവോപരി

ലോകത്തിനു ശാന്തിയും, സമാധാനവും, സാഹോദര്യവും അരുളുന്ന

**ഭഗവാൻ ശ്രീനാരായണ പരമഹംസദേവരുടെ**

**ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് എന്നുള്ള**

മഹാസന്ദേശത്തെ പ്രതിപാദിക്കുന്നതായിരിക്കും.

ഗുരുദേവന്റെ അപ്രസിദ്ധങ്ങളായ സ്മൃതിയുടേയും കവിതകളുടേയും വ്യാഖ്യാനങ്ങൾ അറിയണമെന്നുള്ളവർ

**നവജീവൻ വായിക്കതന്നെ വേണം.**

മതാന്ധതയെ നിർഭയം തുറന്നു പറയും.

**പരസ്യങ്ങൾക്കു പ്രത്യേക നിരക്ക്.**

പത്രാധിപന്മാർ:—

സ്വാമി ശ്രീനാരായണതീർത്ഥർ & സ്വാമി മംഗലാനന്ദ.

വരിസംഖ്യ ആണ്ടിൽ— അഞ്ചലിൽ 3 രൂപാ 6 ണ. തപാലിൽ 4 രൂപാ 8ണ

ഏജൻറന്മാൎക്കു പ്രത്യേക നിരക്കും കൂടുതൽ കമ്മീഷനും അനുവദിക്കും.

മാനേജർ, **'നവജീവൻ'** ശിവഗിരി, വക്കല. എന്നെഴുതുക.

### നവജീവൻ ഏജൻറന്മാരുടെ പേരുവിവരം

ശ്രീമാൻ സി. കുഞ്ഞുകൃഷ്ണൻ. S. N. V. ആഫീസ്, മെയിൻറോഡ്, ആററിങ്ങൽ.
,, ജെ. ജോസഫ് കാട്ടിപ്പറമ്പൻ, തോട്ടകം വൈക്കം.
,, പി. കെ. കട്ടപ്പൻ, കാലടി.
,, വി. പപ്പു, കായംകുളം.
,, വി. എൻ. ദാമോദരൻ, നിലിമംഗലം, പട്ടണക്കാട്.
,, പി. വാസുദേവൻ, വെട്ടൂർ, നെടുങ്ങണ്ട.
,, പി. കെ. പ്രസാദ്, ആനാട്, നെടുമങ്ങാട്.
,, വി. ഗോപിദാസ്, ചങ്ങനാശേരി.
,, ആർ. കൊച്ചുകൃഷ്ണൻ, കരുനാഗപ്പള്ളി.

ശ്രീമാൻ കെ. സദാശിവൻ, വാഴമുട്ടം, വെങ്ങാനൂർ.
,, എൻ. ഗംഗാധരൻവൈദ്യൻ, ചാവർകോട്.
,, ജി. ചെല്ലപ്പൻ, ചന്ദനശേരി, പുനലൂർ.
,, കെ. കെ. ശങ്കരൻ, ചേർത്തല, മുട്ടത്തങ്ങാടി.
,, അക്കാളി സുകുമാരൻ, തലശേരി.

മററു സ്ഥലങ്ങളിലും ഏജൻറന്മാരെ ആവശ്യമുണ്ട്. ആകൎഷകമായ കമ്മീഷൻ വ്യവസ്ഥ. വിവരങ്ങൾ ആവശ്യപ്പെടുക.

മാനേജർ 'നവജീവൻ'
വക്കല, ശിവഗിരി.

Edited & Printed by Swami Sri Narayana Theerthar at the City Press, Trivandrum & Published at Sivagri Varkala, Travancore.